2025JANUARY
18
SATURDAY

www.societytodaynews.com
സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




# ഗാസയിൽ വെടിനിർത്തൽ കരാറിന് ഇസ്രയേൽ മന്ത്രിസഭാ അംഗീകാരം

**ടെൽ അവീവ്:** ഗാസയിലെ വെടിനിർത്തലിനും ബന്ദികളുടെ മോചനത്തിനുമുള്ള കരാർ സമ്പൂർണ മന്ത്രിസഭാ യോഗം അംഗീകരിച്ചു. വെടിനിർത്തലും ബന്ദികളെ മോചിപ്പിക്കുന്ന കരാറും ശനിയാഴ്ച പുലർച്ചെ ഇസ്രയേൽ മന്ത്രിസഭ അംഗീകരിച്ചതായി പ്രധാനമന്ത്രി ബെന്യാമിൻ നെതന്യാഹുവിൻറെ ഓഫിസ് അറിയിച്ചു.



ഹമാസ് ഭീകരരുമായുള്ള പോരാട്ടം അവസാനിപ്പിക്കുന്നതിനുള്ള കരാർ ഞായറാഴ്ച പ്രാബല്യത്തിൽ വരുമെന്നും നെതന്യാഹുവിൻറെ ഓഫിസ് പ്രസ്താവനയിലൂടെ അറിയിച്ചു. വിട്ടയയ്ക്കുന്ന ബന്ദികളുടെ പേരുകൾ ഇന്നു വൈകുന്നേരം ഹമാസ് അറിയിക്കുമെന്നാണ് റിപ്പോർട്ട്. വെടിനിർത്തൽ പ്രാബല്യത്തിലാകാൻ ആകാംക്ഷയോടെ കാത്തിരിക്കുകയാണ് ഗാസ നിവാസികളും ബന്ദികളുടെ ബന്ധുക്കളും. വെടിനിർത്തലുണ്ടാകുമെന്ന് ബുധനാഴ്ച ഖത്തറും യുഎസും പ്രഖ്യാപനം നടത്തിയശേഷവും ഗാസയിൽ ഇസ്രയേൽ നടത്തിയ ആക്രമണത്തിൽ 116 പേർ കൊല്ലപ്പെട്ടു. വ്യാഴാഴ്ച മാത്രം 72 പേരാണു കൊല്ലപ്പെട്ടത്. കരാറിന് മൂന്നു ഘട്ടങ്ങളാണുള്ളത്. ആറാഴ്ച നീളുന്ന ആദ്യ ഘട്ടത്തിൽ 33 ബന്ദികളെ ഹമാസ് വിട്ടയയ്ക്കും. സ്ത്രീകൾ, കുട്ടികൾ, അന്പതിനു മുകളിൽ പ്രായമുള്ളവർ എന്നിങ്ങനെ 33 പേരെയാണു വിട്ടയയ്ക്കുക. പകരം ഇസ്രേലി ജയിലുകളിലുള്ള നൂറുകണക്കിന് പലസ്തീൻ തടവുകാരെ മോചിപ്പിക്കും. ജനവാസ കേന്ദ്രങ്ങളിൽനിന്ന് ഇസ്രേലി സേന ഘട്ടംഘട്ടമായി പിന്മാറും.

ദിവസം 600 ലോറി സഹായവസ്തുക്കൾ ഗാസയിലേക്കു കടത്തിവിടും. ഗാസ നിവാസികൾക്ക് സ്വന്തം വീടുകളിലേക്കു മടങ്ങാം. പരിക്കേറ്റവരെ മറ്റു രാജ്യങ്ങളിൽ ചികിത്സയ്ക്കു കൊണ്ടുപോകാൻ അനുവദിക്കും. രണ്ടാം ഘട്ടത്തിൽ വെടിനിർത്തൽ സ്ഥിരമാകും. ഹമാസിൻറെ കസ്റ്റഡിയിലുള്ള മുഴുവൻ ബന്ദികളും മോചിതരാകും. ഇസ്രേലി സേന ഗാസയിൽനിന്നു പൂർണമായി പിന്മാറും.

മൂന്നാം ഘട്ടത്തിൽ ഗാസയുടെ ഭരണത്തിനായി പ്രത്യേക സമിതി നിലവിൽ വരും. അന്താരാഷ്ട്ര സഹായത്തോടെ ഗാസയുടെ പുനരുദ്ധാരണം നടപ്പാക്കും. ഹമാസ് ഭീകരരുമായി ഉടമ്പടി വച്ചാൽ സർക്കാരിനെ വീഴ്ത്തുമെന്നു തീവ്രനിലപാടുകാരായ ഘടകകക്ഷികൾ ഭീഷണി മുഴക്കിയതു നെതന്യാഹുവിനെ വെട്ടിലാക്കിയിരുന്നു. മന്ത്രിസഭയിൽ ഭൂരിപക്ഷം പേരുടെ പിന്തുണയുള്ളതിനാൽ മുന്നോട്ടുപോകാൻ നെതന്യാഹു തീരുമാനിക്കുകയായിരുന്നു. മറ്റന്നാൾ ഡോണൾഡ് ട്രംപ് പ്രസിഡൻറായി അധികാരമേൽക്കും മുൻപു കരാർ അന്തിമമാക്കാൻ യുഎസിൻറെ സമ്മർദമുണ്ടായിരുന്നു.

# എട്ടാം ശമ്പള കമ്മിഷന് അനുമതി: കേന്ദ്ര സർക്കാർ ജീവനക്കാരുടെ അടിസ്ഥാന ശമ്പളം 40,000 ആയി ഉയർന്നേക്കും



**ന്യൂഡൽഹി:** കേന്ദ്ര സർക്കാർ ജീവനക്കാരുടെ ശമ്പളം വർധിപ്പിക്കുന്നതിന്റെ ഭാഗമായി എട്ടാം ശമ്പള കമ്മിഷൻ രൂപവത്കരിക്കാൻ തീരുമാനിച്ച് കേന്ദ്ര മന്ത്രിസഭായോഗം. കേന്ദ്ര ജീവനക്കാരുടെ നിലവിലുള്ള കുറഞ്ഞ അടിസ്ഥാന ശമ്പളം 18000 രൂപ എന്നത് 40,000 രൂപ കടന്നേക്കും. 50,000 രൂപ വരെയാകാനും സാധ്യതയുണ്ട്. ശമ്പളവും പെൻഷനും നിർണയിക്കാൻ ഉപയോഗിക്കുന്ന ഗുണിതമായ ഫിറ്റ്മെന്റ് ഫാക്ടർ 2.57 ആയിരുന്നത് ഏറിയാൽ 2.86 വരെ ആകാം. ഇത് 2.86 ആക്കി നിശ്ചയിച്ചാൽ ഇപ്പോഴത്തെ 18,000 രൂപ എന്ന കുറഞ്ഞ അടിസ്ഥാന ശമ്പളം 51,480 രൂപയായി ഉയരും.

ആറാം ശമ്പള കമ്മിഷനിൽ 7000 രൂപയായിരുന്ന കുറഞ്ഞ അടിസ്ഥാന ശമ്പളം ഏഴാം കമ്മിഷനിലെ 2.57 ഫിറ്റ്മെന്റ് ഫാക്ടറിൽ 18,000 ആയി ഉയർന്നിരുന്നു. എട്ടാം ശമ്പള കമ്മിഷൻ പ്രാബല്യത്തിൽ വരുമ്പോൾ വിവിധ അലവൻസുകളിലും മാറ്റങ്ങൾ വരും. പത്തുവർഷത്തിലൊരിക്കലാണ് കേന്ദ്ര സർക്കാർ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നത്. 2016 ജനുവരി ഒന്നുമുതൽ പ്രാബല്യത്തിൽ വന്ന ഏഴാം ശമ്പള കമ്മിഷൻ നിർദേശങ്ങൾ പാലിച്ചാണ് ഇപ്പോൾ നിലവിലുള്ള ശമ്പള ഘടന.

## റഷ്യൻ കൂലിപ്പട്ടാളത്തിൽ ചേർന്ന 12 ഇന്ത്യക്കാർ കൊല്ലപ്പെട്ടു; 16 പേരെക്കുറിച്ച് വിവരമില്ല, മലയാളി ചികിത്സയിൽ

**ന്യൂഡൽഹി:** റഷ്യൻ കൂലിപ്പട്ടാളത്തിൽ ചേർന്ന 12 ഇന്ത്യക്കാർ ഇതുവരെ കൊല്ലപ്പെട്ടെന്നു വിദേശകാര്യ മന്ത്രാലയം. അവശേഷിക്കുന്ന പതിനെട്ടു പേരിൽ 16 പേരെ കുറിച്ചു വിവരമില്ലെന്നും വിദേശകാര്യ മന്ത്രാലയം വ്യക്തമാക്കി. യുക്രെയ്നുമായുള്ള യുദ്ധത്തിൽ പരുക്കേറ്റ മലയാളി മോസ്കോയിൽ ചികിത്സയിൽ തുടരുകയാണ്. 96 പേരെ ഇതിനോടകം തിരികെ എത്തിച്ചെന്നും വിദേശകാര്യ വക്താവ് രൺധീർ ജയ്സ്വാൾ പറഞ്ഞു.

കഴിഞ്ഞ ആഴ്ചയാണു റഷ്യയിൽ ഷെല്ലാക്രമണത്തിൽ തൃശൂർ കുട്ടനെല്ലൂർ സ്വദേശി ബിനിൽ ബാബു കൊല്ലപ്പെട്ടത്. ബിനിലിന്റെ ബന്ധു കൂടിയായ ജയിൻ കുര്യനും സമാനമായി ഷെല്ലാക്രമണത്തിൽ പരുക്കേറ്റു ഗുരുതരാവസ്ഥയിലാണ്. ഇലക്ട്രീഷ്യന്മാരായ ഇരുവരും റിക്രൂട്ടിങ് ചതിയിൽപ്പെട്ടാണു റഷ്യൻ കൂലിപ്പട്ടാളത്തിലെത്തിയത്. ഇവർക്കു പുറമേ കേരളത്തിൽനിന്നും ഇന്ത്യയുടെ വിവിധഭാഗങ്ങളിൽനിന്നും നിരവധി പേർ സമാനമായ രീതിയിൽ ചതിക്കപ്പെട്ട് റഷ്യയിലെത്തുകയും നിർബന്ധിതമായി കൂലിപ്പട്ടാളത്തിന്റെ ഭാഗമാവുകയും ചെയ്തിട്ടുണ്ട്. വിഷയത്തിൽ എൻഐഎ അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

## അൽ ഖാദിർ ട്രസ്റ്റ് അഴിമതിക്കേസ്; പാക്കിസ്ഥാൻ മുൻ പ്രധാനമന്ത്രി ഇമ്രാൻ ഖാന് 14 വർഷം തടവുശിക്ഷ

**ലഹോർ:** പാക്കിസ്ഥാൻ മുൻ പ്രധാനമന്ത്രി ഇമ്രാൻ ഖാന് അഴിമതിക്കേസിൽ 14 വർഷം തടവുശിക്ഷ. ഇമ്രാന്റെ ഭാര്യ ബുഷറ ബീബിക്ക് ഏഴു വർഷം

ഇമ്രാൻ പ്രധാനമന്ത്രിയായിരിക്കെ, ബഹ്റിയ ടൗൺ റിയൽ എസ്റ്റേറ്റ് കമ്പനിയുടെ ഉടമ മാലിക് റിയാസ് 190 ദശലക്ഷം പൗണ്ടുമായി (ഏകദേശം 6000 കോടി പാക്കിസ്ഥാൻ രൂപ) ലണ്ടനിൽ പിടിയിലായിരുന്നു. യുകെ അധികൃതർ തുക പാക്കിസ്ഥാനു കൈമാറേണ്ടിയിരുന്നതാണെങ്കിലും തിരികെ റിയാസിനു തന്നെ നൽകാൻ ഇമ്രാൻ അനുവദിച്ചതായി നാഷനൽ അക്കൗണ്ടബിലിറ്റി ബ്യൂറോ (എൻഎബി) ആരോപിക്കുന്നു. പ്രത്യുപകാരമായി അൽ ഖാദിർ ട്രസ്റ്റിനു രണ്ടിടത്തായി700 കോടി രൂപ വിലമതിക്കുന്ന 35 ഹെക്ടർ ഭൂമി റിയാസ് നൽകിയെന്നാണു കേസ്. ഇമ്രാന്റെ ഭാര്യ ബുഷറ ബീവിയുടെയും സുഹൃത്തിന്റെയും പേരിലുള്ളതാണ് ട്രസ്റ്റ്.

2023 ഓഗസ്റ്റു മുതൽ ഇമ്രാൻ ജയിലിൽ കഴിയുകയാണ്. ഇമ്രാനെതിരെ നൂറിലേറെ കേസുകളാണ് നിലവിലുള്ളത്.





# ഇന്റർ സ്കൂൾ ദേശീയ പ്രസംഗ മത്സരം

**കൊച്ചി:** എറണാകുളംവൈ.എം.സി.എ.യുടെയും ബോംബെ വൈ.എം.സി.എയു ടെയും സംയുകതാഭിമുഖ്യത്തിൽ നടത്തപ്പെട്ട ഇന്റർ സ്കൂൾ ദേശീയ പ്രസംഗ മത്സരത്തിൽ അനന്യ റോസ് തോമസ്, മാർത്തോമ്മാ പബ്ലിക് സ്കൂൾ, തെങ്ങോട്, ഒന്നാം സ്ഥാനവും, ജെറൂഷാ ജെറിക്ക് രണ്ടാം സ്ഥാനവും, ഇസ്ര ഫഹദ് മൂന്നാം സ്ഥാനവും (ഇരുവരും ടോക് എച്ച് പബ്ലിക് സ്കൂൾ വൈറ്റില) സംസ്ഥാന തലത്തിൽ വിജയികളായി. ബോംബൈ വൈ.എം.സി.എ.യിൽ നടക്കുന്ന ഗ്രാൻഡ് ഫിനാലെയിൽ ഇവർ 3 പേരും കേരളത്തിനെ പ്രതിനിധീകരിക്കും. മറ്റ് ജേതാക്കൾ: ലാവണ്യ.ആർ, കേന്ദ്രീയ വിദ്യാലയം എറണാകുളം, നിവേദ്.എൻ.എസ് കൊച്ചിൻ റിഫൈനറി സ്കൂൾ, തിരുവാണിയൂർ, ജോഷുവ രാജേഷ് മാത്യൂ, മാർത്തോമ്മാ പബ്ലിക് സ്കൂൾ, തെങ്ങോട്. മത്സരങ്ങൾ ശ്രീ. ലോക്നാഥ് ബെഹ്റ ഐ.പി.എസ്, മാനേജിങ് ഡയറക്ടർ, കൊച്ചിൻ മെട്രോ റെയിൽ ഉദ്ഘാടനം ചെയ്തു. വൈ.എം.സി.എ വൈസ് പ്രസിഡന്റ്, മാത്യൂ മുണ്ടാട്ട് അധ്യക്ഷനായിരുന്നു. ബോംബെ വൈ.എം.സി.എ ജനറൽ സെക്രട്ടറി ഓസ്റ്റിൻ കുണ്ടർ മുഖ്യാതിഥിയായിരുന്നു. ഡോ. ബിജിത് ജോർജ് എബ്രഹാം, റെജി.എ.ജോർജ്, സെൻ ജോർജ്, സജി എബ്രഹാം എന്നിവർ പ്രസംഗിച്ചു. വിജയികൾക്ക് എബ്രഹാം സൈമൺ, ആൻറ്റോ ജോസഫ്, അലൻ കൊട്ടിയ്യാൻ എന്നിവർ ചേർന്ന് സമ്മാനങ്ങൾ വിതരണം ചെയ്തു. സംസ്ഥാനത്തു നിന്ന് 33 സ്കൂളുകൾ പങ്കെടുത്തു.

# അസാപ് എ.സി.ഇ പോർട്ടൽ ഉദ്ഘാടനം ചെയ്തു

**തിരുവനന്തപുരം:** ഉന്നത വിദ്യാഭ്യാസ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന അസാപ് കേരള രൂപകൽപ്പന ചെയ്ത അസാപ് എ.സി.ഇ പോർട്ടലിന്റെ ഉദ്ഘാടനം മന്ത്രി ബിന്ദു നിർവ്വഹിച്ചു. എട്ടുമുതൽ പത്തുവരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അവരുടെ അഭിരുചി തിരിച്ചറിയുവാനായി തയ്യാറാക്കിയ പോർട്ടലാണ് അസാപ് എ.സി.ഇ (ആപ്റ്റിട്യൂട് ആൻഡ് കോംപീറ്റൻസി ഇവാലുവേഷൻ). വിമൻസ് കോളേജ് നടത്തുന്ന കോഗ്നിറ്റോപ്പിയ: മൾട്ടി ഡിസിപ്ലിനറി അക്കാദമിക് ഫെസ്റ്റിന്റെ ഉദ്ഘാടനത്തിന്റെ ഭാഗമായാണ് പോർട്ടൽ ഉദ്ഘാടനം ചെയ്തത്. അസാപ് കേരളയുടെ ചെയർപേഴ്സൺ ആൻഡ് മാനേജിങ് ഡിറക്ടറായ ഡോ. ഉഷ ടൈറ്റസിന്റെ സാനിധ്യത്തിൽ എംജിഎം സെൻട്രൽ പബ്ലിക് സ്കൂളിന്റെയും, ദി സ്കൂൾ ഓഫ് ഗുഡ് ഷെപ്പേർഡ് ന്റെയും പ്രിൻസിപ്പൽമാർക്ക് എ.സി.ഇ ടെസ്റ്റ് റിപ്പോർട്ട് കൈമാറിക്കൊണ്ടാണ് മന്ത്രി എ.സി.ഇ പോർട്ടലിന്റെ ഉദ്ഘാടനം നിർവഹിച്ചത്.

എംഎൽഎ ആന്റണി രാജു, വിമൻസ് കോളേജ് പ്രിൻസിപ്പലായ അനില.ജെ.എസ്, കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ എക്സിക്യുട്ടീവ് വൈസ് പ്രസിഡന്റ് കെ.പി. സുധീർ, കോളേജിയേറ്റ് എഡ്യൂക്കേഷൻ ഡയറക്ടർ സുധീർ.കെ, അഡീഷണൽ കോളേജിയേറ്റ് എഡ്യൂക്കേഷൻ ഡയറക്ടർ ഡോ.സുനിൽ.ജോൺ.ജെ, വാർഡ് കൗൺസിലർ അഡ്വ. രാഖി രവികുമാർ, കോളേജിയേറ്റ് എഡ്യൂക്കേഷൻ ഡെപ്യൂട്ടി ഡയറക്ടർ ഡോ. ജോയ്. വി.എസ് എന്നിവർ സന്നിഹിതരായിരുന്നു.

# ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തും

**തിരുവനന്തപുരം:** പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ സിസ്റ്റം മാനേജർ, സീനിയർ സൂപ്രണ്ട്, ഓഫീസ് അറ്റൻഡന്റ് തസ്തികകളിലേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തുന്നതിലേക്കായി വിജ്ഞാപനം പുറപ്പെടുവിച്ചു. ആവശ്യമായ യോഗ്യത, മറ്റ് വിവരങ്ങൾ എന്നിവ വിശദമാക്കിക്കൊണ്ടുള്ള വിജ്ഞാപനം പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee-kerala.org എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ സർവീസിലോ സ്വയം ഭരണ സ്ഥാപനങ്ങളിലോ തതുല്യമായ തസ്തികകളിൽ ജോലി ചെയ്യുന്നവർക്ക് അപേക്ഷിക്കാവുന്നതാണ്. പ്രവേശന പരീക്ഷാ കമ്മീഷണർ നേരിട്ട് കൂടിക്കാഴ്ച നടത്തിയ ശേഷം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കും. താൽപര്യമുള്ള ജീവനക്കാർ കെ.എസ്.ആർ144 അനുസരിച്ചുള്ള പ്രൊഫോർമയും ബയോഡാറ്റയും വകുപ്പ് മേധാവിയുടെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റും ഉൾപ്പെടെ മേലധികാരികൾ മുഖേന ജനുവരി 31 ന് മുൻപ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം, കെ.എസ്.ആർ.ടി.സി ബസ് ടെർമിനൽ കോംപ്ലക്സ് (ഏഴാം നില) തമ്പാനൂർ തിരുവനന്തപുരം 1 എന്ന വിലാസത്തിൽ നേരിട്ടോ തപാൽ മുഖേനയോ സമർപ്പിക്കണം.

# പ്ലാസ്റ്റിക് മുക്ത വേമ്പനാട് കാമ്പയിന് ഇന്ന് തുടക്കം

**ആലപ്പുഴ:** സംസ്ഥാനത്തെ ഏറ്റവും വലുതും റാംസർ തണ്ണീർത്തട വ്യവസ്ഥയിൽ ഉൾപ്പെട്ടതുമായ വേമ്പനാട് കായലിന്റെ പുനരുജ്ജീവന പദ്ധതിയുടെ ഭാഗമായ മെഗാ ക്ലീനിങ് ഇന്ന് (18) രാവിലെ 7.30 ന് നടക്കും. പ്ലാസ്റ്റിക് മുക്ത വേമ്പനാട് എന്ന ലക്ഷ്യത്തോടെ ജില്ലാ ഭരണകൂടവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ചേർന്നാണ് ശുചീകരണ പ്രവർത്തികൾക്ക് തുടക്കമിടുന്നത്. കാമ്പയിന്റെ ഔദ്യോഗിക ഉദ്ഘാടനം ശനിയാഴ്ച രാവിലെ ആലപ്പുഴ നഗരസഭയിലെ പുന്നമട ഫിനിഷിംഗ് പോയിന്റിൽ ഫിഷറീസ്, സാംസ്ക്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ നിർവഹിക്കും. പി പി ചിത്തരഞ്ജൻ എംഎൽഎ അധ്യക്ഷത വഹിക്കും. കെ സി വേണുഗോപാൽ എം പി മുഖ്യപ്രഭാഷണം നടത്തും. കൊടിക്കുന്നിൽ സുരേഷ് എം പി സന്ദേശം നൽകും. എച്ച് സലാം എംഎൽഎ ശുചിത്വപ്രതിജ്ഞ ചൊല്ലിക്കൊടുക്കും. എംഎൽഎമാരായ തോമസ് കെ തോമസ്, ദലീമ ജോജോ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ ജി രാജേശ്വരി, ജില്ലാ കളക്ടർ അലക്സ് വർഗീസ്, നഗരസഭ ചെയർപെഴ്സൺ കെ കെ ജയമ്മ, സബ് കളക്ടർ സമീർ കിഷൻ, അന്തർദേശീയ കായൽ ഗവേഷണ കേന്ദ്രം ഡയറക്ടർ കെ ജി പത്മകുമാർ എന്നിവർ പങ്കെടുക്കും.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ജി. രാജേശ്വരിയുടെയും ജില്ലാ കളക്ടർ അലക്സ് വർഗീസിന്റെയും നേതൃത്വത്തിലാണ് പദ്ധതി ആവിഷ്ക്കരിച്ചിരിക്കുന്നത്. വേമ്പനാട് കായലുമായി ബന്ധപ്പെട്ട് കിടക്കുന്ന ജില്ലയിലെ 30 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് ശനിയാഴ്ച്ച ശുചീകരണം നടത്തുന്നത്. പ്രാഥമിക ഘട്ടത്തിൽ അരൂക്കുറ്റി, പെരുമ്പളം, പാണാവള്ളി, തൈക്കാട്ടുശ്ശേരി, ചേന്നംപള്ളിപ്പുറം, തണ്ണീർമുക്കം, മുഹമ്മ, മണ്ണഞ്ചേരി, ആര്യാട്, കൈനകരി എന്നീ ഗ്രാമപഞ്ചായത്തുകളിലെയും ആലപ്പുഴ, ചേർത്തല മുനിസിപ്പാലിറ്റികളിലെയും തെരഞ്ഞെടുത്ത കായൽ ഭാഗങ്ങളാണ് ശുചീകരിക്കുന്നത്.

കാമ്പയിനായി 1,08,71,678 രൂപയുടെ പദ്ധതികൾ ജില്ലാ ആസൂത്രണ സമിതിയിൽ അവതരിപ്പിച്ച് അംഗീകാരം നേടിയിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് 11,50,000 രൂപ, ബ്ലോക്ക് പഞ്ചായത്തുകൾ 12,00,000 രൂപ, 28 ഗ്രാമപഞ്ചായത്തുകൾ 79,21,678, ആലപ്പുഴ, ചേർത്തല നഗരസഭകൾ 600,000 എന്നിങ്ങനെയാണ് ആസൂത്രണ സമിതി യോഗത്തിൽ അംഗീകാരം നേടിയിട്ടുള്ളത്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ സർക്കാർ വകുപ്പുകൾ, സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ, സന്നദ്ധ സംഘടനകൾ, എൻ എസ് എസ് വോളണ്ടിയർമാർ, മത്സ്യത്തൊഴിലാളി സംഘടനകൾ, ഹൗസ് ബോട്ട് സംഘടനകൾ, ഹരിതകർമ്മസേന, തൊഴിലുറപ്പ് തൊഴിലാളികൾ എന്നിവരുടെ സഹകരണത്തോട് കൂടിയാണ് ശുചീകരണ കാമ്പയിൻ സംഘടിപ്പിക്കുന്നത്.

വേമ്പനാട് കായലിന്റെ പുനരുജ്ജീവനം സംബന്ധിച്ച് ആലപ്പുഴ കയർ ക്രാഫ്റ്റ് കൺവൻഷൻ സെന്ററിൽ ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടെ 2024 ഒക്ടോബർ 28 ന് ഏകദിന ശിൽപശാല സംഘടിപ്പിച്ചിരുന്നു. ഈ ശിൽപശാലയിൽ കായലിന്റെ സംരക്ഷണം അടിയന്തിരമായി ഏറ്റെടുക്കണമെന്ന് വിദഗ്ധാഭിപ്രായം രൂപപ്പെട്ടതിനെ തുടർന്ന് വിവിധ മേഖലകളിലായി ബന്ധപ്പെട്ട വിഷയവിദഗ്ധരെ ഉൾപ്പെടുത്തി ജില്ലാ പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ/അംഗം എന്നിവരെ ചെയർപേഴ്സണാക്കി എട്ട് സബ് കമ്മിറ്റികൾ (കൃഷി, മത്സ്യബന്ധനം, ജലവിഭവം, ജൈവവൈവിധ്യം, ടൂറിസം, പരിസ്ഥിതിയും ശുചിത്വവും, ദുരന്തനിവാരണവും കാലാവസ്ഥാ വ്യതിയാനവും, റവന്യൂ) രൂപീകരിക്കുകയും യോഗങ്ങൾ വിളിച്ചുചേർക്കുകയും ചെയ്തിരുന്നു. ഈ സബ് കമ്മിറ്റികൾ ഹ്രസ്വകാല, ദീർഘകാല പദ്ധതികൾ ആവിഷ്കരിച്ച് കരട് റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. സബ് കമ്മിറ്റി യോഗങ്ങളിൽ ഉരുത്തിരിഞ്ഞ ഹ്രസ്വകാല പദ്ധതിയാണ് 'പ്ലാസ്റ്റിക് വിമുക്ത വേമ്പനാട്' മെഗാ കാമ്പയിൻ.

പുന്നമട ഫിനിഷിങ് പോയന്റിൽ നടക്കുന്ന ഉദ്ഘാടച്ചടങ്ങിന് പുറമേ മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപന കേന്ദ്രങ്ങളിൽ എം.എൽ.എമാരുടെയും തദ്ദേശസ്ഥാപന പ്രസിഡന്റുമാരുടെയും നേതൃത്വത്തിൽ ശനിയാഴ്ച രാവിലെ കാമ്പയിൻ ഉദ്ഘാടനം ചെയ്തു ശുചീകരണ പ്രവർത്തനങ്ങൾ ആരംഭിക്കും. കായലുമായി ബന്ധപ്പെട്ട മറ്റ് തദ്ദേശസ്വയംഭണസ്ഥാപനങ്ങളിലും പ്ലാസ്റ്റിക്ക് മുക്തമാക്കുന്നതിനുള കാമ്പയിനുകൾ ഉടൻ നടത്തുമെന്ന് ജില്ലാ കളക്ടർ അറിയിച്ചു.



# മത്സ്യ വിത്തുല്പാദന കേന്ദ്രത്തിലെ ഗിഫ്റ്റ് തിലാപ്പിയ ഹാച്ചറി നിർമ്മാണം ത്വരിതപ്പെടുത്താൻ തീരുമാനം

**കോഴിക്കോട്:** സംസ്ഥാന ഫിഷറീസ് വകുപ്പിന് കീഴിലുള്ള കല്ലാനോട്ടെ മത്സ്യ വിത്തുല്പാദന കേന്ദ്രത്തിലെ ഗിഫ്റ്റ് (ജെനിറ്റിക്കലി ഇമ്പ്രൂവ്ഡ് ഫാർമ്ഡ്) തിലാപ്പിയ ഹാച്ചറിയുടെ പ്രവൃത്തി ത്വരിതപ്പെടുത്താൻ ജില്ലാ കളക്ടർ സ്നേഹിൽ കുമാർ സിംഗിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം തീരുമാനിച്ചു.

കല്ലാനോട് മത്സ്യ വിത്തുല്പാദന കേന്ദ്രം സന്ദർശിച്ചശേഷം ഫിഷറീസ്, ജലസേചനം, ഹാർബർ എൻജിനീയറിങ്, കെഎസ്ഇബി എന്നീ വിവിധ വകുപ്പ് അധികൃതരുമായി നടത്തിയ ചർച്ചയിലാണ് കലക്ടർ ഇക്കാര്യം ആവശ്യപ്പെട്ടത്. ഉത്തരകേരളത്തിലെ മൊത്തം മത്സ്യകർഷകർക്ക് വളരെയേറെ ഉപകാരപ്രദമാകുന്ന ഹാച്ചറി നിർമ്മാണം വേഗത്തിലാക്കണമെന്നും ഇതുസംബന്ധിച്ച് വിവിധ വകുപ്പുകൾ മികച്ച ഏകോപനത്തോടെ പ്രവർത്തിക്കണമെന്നും കളക്ടർ ആവശ്യപ്പെട്ടു. മത്സ്യ വിത്തുൽപ്പാദന കേന്ദ്രത്തിന്റെ രണ്ടാം ഘട്ട വികസനത്തിന്റെ ഭാഗമായി മൂന്നുമാസം മുമ്പ് ആരംഭിച്ച പദ്ധതിയുടെ അടങ്കൽ തുക 19.81 കോടി രൂപയാണ്.

ഹാച്ചറി സജ്ജമായാൽ ഒരു വർഷം ഇവിടെ നിന്നും 60 ലക്ഷം തിലാപ്പിയ കുഞ്ഞുങ്ങളെ മത്സ്യ കർഷകർക്ക് നൽകാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതിൽ ഉത്തര കേരളത്തിലെ മുഴുവൻ മത്സ്യ കർഷകരും ഉൾപ്പെടും. ഇതോടെ ഉത്തരകേരളത്തിലെ മത്സ്യ ഉൽപാദനം വർഷം 2400 ടൺ വർധിക്കുമെന്നും ഈ ഇനത്തിൽ കർഷകർക്ക് ഒരു വർഷം 36 കോടി രൂപയുടെ വരുമാനം ഉണ്ടാകുമെന്നുമാണ് കരുതുന്നത്.

യോഗത്തിൽ ഫിഷറീസ് വകുപ്പ് ജോയിന്റ് ഡയറക്ടർ ബി കെ സുധീർ കിഷൻ, ഡെപ്യൂട്ടി ഡയറക്ടർമാരായ പി അനീഷ്, എം ചിത്ര,

ഹാർബർ എൻജിനീയറിങ് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ജയദീപ് ടി, കൊയിലാണ്ടി തഹസിൽദാർ (എൽആർ) സി സുബൈർ,

ഹാർബർ എൻജിനീയറിങ് വകുപ്പ് അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ജിത്തു തുടങ്ങിയവർ സംബന്ധിച്ചു.

സൊസൈറ്റി ടുഡേ
SOCIETY TODAY



# സ്ത്രീകളുടെയും കുട്ടികളുടെയും ചികിത്സാ ഹബ്ബായി തിരുവനന്തപുരം മാറുന്നു: മന്ത്രി വീണാ ജോർജ്

**തിരുവനന്തപുരം:** സ്ത്രീകളുടേയും കുട്ടികളുടേയും ചികിത്സാ ഹബ്ബായി തിരുവനന്തപുരം മാറുന്നതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. പ്രസവം നടക്കുന്ന ആശുപത്രികളിൽ മികച്ച സൗകര്യങ്ങളൊരുക്കിയിട്ടുണ്ട്. തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയെ അപൂർവ രോഗങ്ങളുടെ സെന്റർ ഓഫ് എക്സലൻസ് ആയി കേന്ദ്രം ഉയർത്തി. രാജ്യത്തെ പത്ത് ആശുപത്രികളിൽ ഒന്നായ അപൂർവ നേട്ടമാണത്. സംസ്ഥാനത്ത് ആദ്യമായി എസ്.എ.ടി.യിൽ ജനറ്റിക്സ് വിഭാഗം ആരംഭിക്കുകയും സിഡിസിയിൽ ജനറ്റിക്സ് ലാബ് സജ്ജമാക്കുകയും ചെയ്തു. പീഡിയാട്രിക് ഹൃദയ ശസ്ത്രക്രിയ വിഭാഗം ആരംഭിച്ചു. രാജ്യത്ത് സർക്കാർ മേഖലയിൽ എയിംസിന് ശേഷം രണ്ടാമതായി എസ്.എ.ടി. ആശുപത്രിയിൽ ഫീറ്റൽ മെഡിസിൻ വിഭാഗം ആരംഭിക്കുന്നു. പ്രസവം കഴിഞ്ഞ് സൗജന്യമായി അമ്മയേയും കുഞ്ഞിനേയും വീട്ടിലെത്തിക്കുന്ന മാതൃയാനം പദ്ധതി വിജയകരമായി നടക്കുന്നു. വന്ധ്യതാ ചികിത്സയ്ക്കും പ്രത്യേക പ്രാധാന്യം നൽകുന്നുണ്ടെന്നും മന്ത്രി പറഞ്ഞു. തിരുവനന്തപുരം തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ വിവിധ പദ്ധതികളുടെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

മാതൃശിശു മരണ നിരക്ക് ഏറ്റവും കുറവുള്ള സംസ്ഥാനമാണ് കേരളം. ഹൃദ്യം പോലെയുള്ള പദ്ധതികളിലൂടെ നവജാത ശിശുമരണ നിരക്ക് വളരെയേറെ കുറയ്ക്കാൻ സാധിച്ചു. സർക്കാർ ആശുപത്രികളിൽ ചികിത്സ തേടുന്നവരുടെ എണ്ണം വലിയ രീതിയിൽ വർധിച്ചിട്ടുണ്ട്. മികച്ച സൗകര്യങ്ങളാണ് സർക്കാർ ആശുപത്രികളിലൊരുക്കി വരുന്നത്. പ്രതിഭാധനരായ ജീവനക്കാരുമുണ്ട്. പ്രത്യേക സൗകര്യങ്ങളൊരുക്കുമ്പോൾ അതിനുതകുന്ന ചികിത്സ ആ ആശുപത്രിയിൽ തന്നെ ലഭിക്കണം.

സംസ്ഥാനത്തെ പ്രധാന ആശുപത്രികളിൽ ഒന്നാണ് തൈക്കാട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി. 200ലധികം വർഷം പഴക്കമുള്ള ഈ ആശുപത്രി സ്ത്രീകളുടേയും കുഞ്ഞുങ്ങളുടേയും ആശ്രയ കേന്ദ്രമാണ്. ഇവിടെ പുതിയ കാലഘട്ടത്തിന് അനുസൃതമായ ശാസ്ത്രീയ നിർമ്മാണ പ്രവർത്തനങ്ങൾ സാക്ഷാത്കരിക്കുകയാണ് ചെയ്യുന്നത്. ആശുപത്രിയിൽ നേരത്തെയുണ്ടായിരുന്ന സൗകര്യങ്ങൾ ഇരട്ടിയായി വർധിപ്പിച്ചു. ലക്ഷ്യ ലേബർ റൂം, നവജാത ശിശു പരിപാലന വിഭാഗം, ഒ.പി, അത്യാഹിത വിഭാഗം എന്നിവ അത്യാധുനിക സംവിധാനങ്ങളോടെ നവീകരിച്ചു.

2.2 കോടി രൂപ വിനിയോഗിച്ചാണ് ലക്ഷ്യ മാനദണ്ഡങ്ങൾ അനുസരിച്ചുള്ള ലേബർ റൂം സജ്ജമാക്കിയത്. നേരത്തെ 5 പ്രസവങ്ങൾ മാത്രം നടത്താൻ സൗകര്യമുണ്ടായിരുന്നിടത്ത് 20 പ്രസവങ്ങൾ നടത്താൻ സൗകര്യമുള്ള ക്യൂബിക്കിളുകളാണ് സജ്ജമാക്കിയിട്ടുള്ളത്. ഇതിൽ ന്യൂ ബോൺ റീസസ്സിറ്റേഷൻ, ന്യൂ ബോൺ കെയർ കോർണർ എന്നിവ പ്രത്യേകം സജ്ജീകരിച്ചിട്ടുണ്ട്. 5 ലക്ഷം രൂപയോളം വിനിയോഗിച്ചാണ് നവജാത ശിശു പരിപാലന വിഭാഗം നവീകരിച്ചത്. നവജാത ശിശു പരിപാലന വിഭാഗത്തിൽ ആധുനിക സൗകര്യങ്ങളുള്ള 10 ബെഡ്ഡുകൾ ഉൾപ്പെടുന്ന ഇൻബോൺ നഴ്സറി, ട്രയേജ്, ബ്രസ്റ്റ് ഫീഡിംഗ് റൂം, കൗൺസിലിംഗ് വിഭാഗം എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ ഭാഗമായി 1 കോടി രൂപ ചെലവഴിച്ചാണ് ഒ.പി, അത്യാഹിത വിഭാഗം എന്നിവ നവീകരിച്ചതെന്നും മന്ത്രി വ്യക്തമാക്കി.

ആന്റണി രാജു എം.എൽ.എ. മാസ്റ്റർ പ്ലാൻ സമർപ്പിച്ചു. എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ ഡയറക്ടർ ഡോ. വിനയ് ഗോയൽ, ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. കെ.ജെ. റീന, കൗൺസിലർമാരായ കൃഷ്ണകുമാർ എസ്., മാധവദാസ് ജി., ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ബിന്ദു മോഹൻ, എൻ.എച്ച്.എം. ജില്ലാ പ്രോഗ്രാം മാനേജർ ഡോ. അനോജ്, ആശുപത്രി സൂപ്രണ്ട് ഡോ. കെ.കെ. ശാന്ത, ഡെപ്യൂട്ടി സൂപ്രണ്ട് ഡോ. സ്വപ്നകുമാരി ജെ., ആർ.സി.എച്ച് ഓഫീസർ ഡോ. വി. കൃഷ്ണവേണി, ആശുപത്രി വികസന സമിതി അംഗങ്ങൾ എന്നിവർ പങ്കെടുത്തു.



# അസാപ് കേരളയുമായി ധാരണാപത്രം ഒപ്പിട്ട് കുസാറ്റ്

**കൊച്ചി:** കേരള സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (അസാപ്) കേരളയുമായി കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ ദീൻ ദയാൽ ഉപാധ്യായ കൗശൽ കേന്ദ്ര ബുധനാഴ്ച ധാരണാപത്രത്തിൽ ഒപ്പുവച്ചു. വിദ്യാർത്ഥികളെയും പൊതുജനങ്ങളെയും നൈപുണ്യവികസനത്തിലും തൊഴിൽക്ഷമതയിലും ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുള്ള കമ്പനിയാണ് അസാപ് കേരള.

കുസാറ്റ് രജിസ്ട്രാർ പ്രൊഫ. എ യു അരുൺ, അസാപ് കേരള ചെയർപേഴ്സണും മാനേജിംഗ് ഡയറക്ടറുമായ ഡോ ഉഷ ടൈറ്റസ് ഐഎഎസ് (റിട്ട) എന്നിവരാണ് ധാരണാപത്രത്തിൽ ഒപ്പുവച്ചത്. സർവകലാശാലയിലെ സിൻഡിക്കേറ്റ് ഹാളിൽ നടന്ന ചടങ്ങിൽ കുസാറ്റ് വൈസ് ചാൻസലർ പ്രൊഫ.എം ജുനൈദ് ബുഷിരി, കൗശൽ കേന്ദ്ര ഡയറക്ടർ പ്രൊഫ. സന്തോഷ് കുമാർ എസ്, മുൻ വൈസ് ചാൻസലർ ഡോ.പി.ജി.ശങ്കരൻ, സിൻഡിക്കേറ്റ് അംഗങ്ങളായ പ്രൊഫ.സുനോജ്, പ്രൊഫ.ശശിഗോപാലൻ, ഐക്യൂഎസി ഡയറക്ടർ പ്രൊഫ.സാം തോമസ് എന്നിവർ സംസാരിച്ചു.



# ദുരന്തനിവാരണ മേഖലയിലെ സംഭാവനകൾ പരിഗണിച്ച് അധ്യാപകന് അന്താരാഷ്ട്ര പുരസ്കാരം

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ നൂതന അന്തരീക്ഷ റഡാർ ഗവേഷണ കേന്ദ്രത്തിലെ (എസിഎഎആർ) ഡയറക്ടർ ഡോ. അഭിലാഷിന് കാലാവസ്ഥ അടിസ്ഥാനമാക്കിയ ദുരന്തങ്ങൾ ശാസ്ത്രീയമായി മുൻകൂട്ടി അറിയുന്നതിനും, പ്രവചിക്കുന്നതിനുമുള്ള സാങ്കേതിക വിദ്യ വികസപ്പിച്ചതിൽ ശ്രദ്ദേയമായ സംഭാവനകൾ നൽകിയതിനും, തദ്ദേശീയ ജനവിഭാഗങ്ങളെ അതിതീവ്ര കാലാവസ്ഥയിൽ നിന്നുള്ള പ്രത്യാഘാതങ്ങളെ പ്രതിരോധിക്കുന്നതിനു ജനകീയ പങ്കാളിത്തത്തോടുകൂടിയുള്ള അനുരൂപീകരണ പ്രവർത്തനങ്ങൾ വിഭാവന ചെയ്തതിനും അന്താരാഷ്ട്ര പുരസ്കാരം ലഭിച്ചു.

ഡൽഹിയിൽ നടന്ന അന്താരാഷ്ട്ര ദുരന്ത പരിപാലന സമ്മേളനത്തിൽ വാണിജ്യവ്യവസായ കേന്ദ്ര മന്ത്രി പിയൂഷ് ഗോയലാണ് പുരസ്കാരം സമ്മാനിച്ചത്. ജമ്മു കശ്മീർ മുൻ ചീഫ് ജസ്റ്റിസ് എം എം കുമാർ അദ്ധ്യക്ഷനായ നാലംഗ സമിതിയാണ് പുരസ്കാരത്തിന് ഡോ. അഭിലാഷിനെ തിരഞ്ഞെടുത്തത്. ദുരന്തമേഖലകളിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തിയ വിവിധ സേനാവിഭാഗങ്ങളെയും, സംഘടനകളേയും, ശാസ്ത്രജ്ഞരെയും ചടങ്ങിൽ ആദരിച്ചു.

വിവിധ ശാസ്ത്ര വിഷയങ്ങളെയും, തദ്ദേശീയമായ അറിവുകളെയും കോർത്തിണക്കി നയരൂപീകരണ വിദഗ്ധർ, സാമൂഹിക ശാസ്ത്രജ്ഞർ, വാർത്തമാധ്യമങ്ങൾ, പ്രദേശിക പരിസ്ഥിതി ശാസ്ത്രവും, പൗര സമൂഹവും എന്നിവരുമായി ഇഴചേർന്ന് സഹശാസ്ത്രനയരൂപീകരണ ശൈലിയാണ് ഡോ. അഭിലാഷ് അവലംബിച്ചു പോരുന്നത്.

കേരളത്തിലെ സമുദ്രമൽസ്യ മേഖലയിലെ കാലാവസ്ഥ വ്യതിയാനത്തെക്കുറിച്ചുള്ള പ്രവർത്തനങ്ങൾക്ക് ടി പീറ്റർ പുരസ്കാരം അദ്ദേഹത്തിന് ലഭിക്കുകയുണ്ടായി. കേരളത്തിലെ വിവിധ മേഖലയിലെ സമൂഹങ്ങളുമായും, മാധ്യമ പ്രവർത്തകർ മുതൽ സ്കൂൾ വിദ്യാർത്ഥികൾ വരെ കാലാവസ്ഥ വ്യതിയാനവുമായി നിരന്തരം സംവദിച്ചു വരുന്ന ജനകീയ ഗവേഷകനും, അധ്യാപകനുമാണ് ഡോ. അഭിലാഷ്.

കേന്ദ്ര കാലാവസ്ഥ വകുപ്പിന്റെ ഡോപ്പ്ലെർ റഡാർ ഡാറ്റ ആദ്യമായി കാലാവസ്ഥ മാതൃകകളുമായി സംയോജിപ്പിച്ചുകൊണ്ടുള്ള ഹൃസ്വശ്രേണി പ്രവചന സവിധാനങ്ങൾ വികസിപ്പിചതിലുള്ള അദ്ദേഹത്തിന്റെ പ്രവർത്തന മികവിനെ ആദരിച്ചുകൊണ്ട് 2007ൽ SAARഇ ശാസ്ത്രജ്ഞൻ മെഡൽ, കാലാവസ്ഥ പ്രവചന മേഖലയിലെ ഗവേഷണ പ്രവർത്തനങ്ങൾക്ക് 2017 ൽ ഇന്ത്യൻ കാലാവസ്ഥ സൊസൈറ്റിയുടെ അവാർഡ്, 2020 ൽ കുസാറ്റിലെ യുവശാത്രജ്ഞ പുരസ്കാരം എന്നിവ ലഭിച്ചിട്ടുണ്ട്.

# മെട്രോ കണക്ട് ഇലക്ട്രിക് ബസ് സർവീസ് തുടങ്ങി



**കൊച്ചി:** കളമശേരി ടൗൺ സ്റ്റേഷനിൽ നിന്നും കുസാറ്റ് ക്യാമ്പസിലേക്കുള്ള മെട്രോ കണക്ട് ഇലക്ട്രിക് ബസ് സർവ്വീസ് കുസാറ്റ് രജിസ്ട്രാർ ഡോ. അരുൺ എ.യു ഫ്ലാഗ് ഓഫ് ചെയ്തു. സിൻഡിക്കേറ്റ് അംഗം ഡോ.ജി.സന്തോഷ് കുമാർ,സ്കൂൾ ഓഫ് എഞ്ചിനീയറിങ്ങ് പ്രിൻസിപ്പാൾ ഡോ. ശോഭ സൈറസ്, സെക്ഷൻ ഓഫീസർ ബിനി സേവ്യർ, കൊച്ചി മെട്രോ അഡീഷണൻ ജനറൽ മാനേജർ ഗോകുൽ ടി. ജി, സജിത്ത് വിജയകുമാർ, വിദ്യാർത്ഥികൾ എന്നിവർ സന്നിഹിതരായിരുന്നു. ആദ്യ യാത്രക്കാർക്ക് മധുര വിതരണവും നടന്നു. രാവിലെ 8.30, 8.40, 9.15 എന്നീ സമയങ്ങളിൽ, കളമശ്ശേരി മെട്രോ സ്റ്റേഷനിൽ നിന്നും കുസാറ്റ് ക്യാമ്പസിലേക്കും, വൈകുന്നേരം 4.38, 4.48, 5.8 എന്നീ സമയങ്ങളിൽ കുസാറ്റിൽ നിന്ന് കളമശ്ശേരി മെട്രോ സ്റ്റേഷനിലേക്കുമാണ് സർവ്വീസ് ഉണ്ടായിരിക്കുക. ഇരുപത് രൂപയാണ് യാത്രാ നിരക്ക്. ഓൺലൈൻ ആയി ആണ് ടിക്കറ്റ് ചാർജ് ഈടാക്കുന്നത്.




# ആദ്യത്തെ സമ്പൂർണ്ണ റോഡ് നിയമ സാക്ഷര നഗരമാവാൻ കൊച്ചി

**കൊച്ചി:** നഗരത്തിലെ ഗതാഗത രംഗത്ത് സമഗ്രമായ മാറ്റങ്ങൾ വരുത്തുന്നതിനായുള്ള വിവിധ പ്രവർത്തനങ്ങളാണ് കൊച്ചി നഗരസഭ നടത്തിവരുന്നത്. ഒരു നിമിഷം കൊണ്ട് കർമ്മശേഷിയുള്ളവരെ നഷ്ടപ്പെടുത്തുന്ന മാരകമായ ഒരു വിപത്താണ് റോഡപകടം. ഇതിനെ ഫലവത്തായി നേരിടുന്നതിനുള്ള ബൃഹത് പദ്ധതിയ്ക്ക് നഗരസഭ തുടക്കം കുറിച്ചിരിക്കുകയാണ്. പദ്ധതിയുടെ പ്രാഥമിക ഘട്ടം എന്ന നിലയിൽ റോഡ് സുരക്ഷാ വിദ്യാഭ്യാസത്തിന്റെ ഭാഗമായി നമ്മുടെ നഗരത്തെ സമ്പൂർണ്ണ റോഡ് നിയമ സാക്ഷര നഗരമാക്കി മാറ്റുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിരിക്കുകയാണ്. ഇന്ത്യയിൽ തന്നെ ആദ്യമായാണ് ഒരു നഗരം സമ്പൂർണ്ണ റോഡ് നിയമ സാക്ഷര നഗരമാവുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നത്.

2025 ജനുവരി 17 വെള്ളിയാഴ്ച മേയർ അഡ്വ എം അനിൽകുമാർ കൊച്ചി നഗരത്തിലെ ഏറ്റവും പ്രധാനപ്പെട്ട വിദ്യാലയങ്ങളിൽ ഒന്നായ എറണാകുളം ഗേൾസ് സ്കൂളിൽ വച്ച് പദ്ധതിയുടെ പ്രവർത്തന ഉദ്ഘാടനം നിർവഹിച്ചു. എറണാകുളം ജില്ലയുടെ ഡെപ്യൂട്ടി ട്രാൻസ്പോർട് കമ്മിഷണർ അനൂപ് വർക്കി ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുത്തു. എറണാകുളം ജില്ലയുടെ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ ടി.എം. ജെർസൺ, എസ്.സി.എം.എസ് ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസ് ഗ്രൂപ്പ് ഡയറക്ടർ ഡോ. പ്രവീൺ സാൽ സി.ജെ, എസ്.സി.എം.എസ് ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസ് ഡെപ്യൂട്ടി ഡയറക്ടർ പ്രദീക് നായർ എന്നിവർ ചടങ്ങിൽ വിശിഷ്ടാതിഥികളായി പങ്കെടുത്തു. സംസ്ഥാന മോട്ടോർ വാഹന വകുപ്പിന്റെ സഹകരണത്തോടെ എസ് സി എം എസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റോഡ് സേഫ്റ്റി ആൻഡ് ട്രാൻസ്പോർട്ടേഷന്റെ സാങ്കേതിക സഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. റോഡ് സുരക്ഷാ നിയമങ്ങൾ പാലിക്കേണ്ടതിന്റെ ആവശ്യകതയെ പറ്റിയും ഈ ബൃഹത് പദ്ധതിയുടെ പ്രവർത്തനങ്ങൾ വിപുലീകരിച്ച് ആറുമാസത്തെ ഒരു ബോധവൽക്കരണ പരിപാടിയായി നടത്തുമെന്നും ബഹു. മേയർ ചടങ്ങിൽ പറഞ്ഞു. നഗരത്തിലെ ഏറ്റവും പ്രധാനപ്പെട്ട പരിസ്ഥിതി ലോല പ്രദേശമായ മംഗളവനം മുതൽ ദർബാർ ഹോൾ വരെയുള്ള നഗര പ്രദേശത്തെ മോട്ടോർ വാഹന വകുപ്പ് പോലീസ് വകുപ്പ് പൊതുമരാമത്ത് വകുപ്പ് കൊച്ചിൻ സ്മാർട്ട് മിഷൻ ലിമിറ്റഡ് എന്നിവരുടെ സഹകരണത്തോടെ സൈലന്റ് സോണായി പ്രഖ്യാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുമെന്നും ബഹു. മേയർ ചടങ്ങിൽ പ്രഖ്യാപിച്ചു. ഇത്തരത്തിലുള്ള ഒരു ബൃഹത് പദ്ധതി നടപ്പിലാക്കുന്നതിന് മുന്നോട്ട് വന്ന കൊച്ചി നഗരസഭയെ അഭിനന്ദിക്കുകയും പദ്ധതിക്ക് മോട്ടോർ വാഹന വകുപ്പിന്റെ സമ്പൂർണ്ണ സഹകരണം ഉണ്ടാകുമെന്നും എറണാകുളം ജില്ലയുടെ ഡെപ്യൂട്ടി ട്രാൻസ്പോർട് കമ്മിഷണർ അനൂപ് വർക്കി പറഞ്ഞു. പദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് നഗരത്തിലെ ഏറ്റവും പ്രധാനപ്പെട്ട വിദ്യാലയങ്ങളിൽ ഒന്നായ എറണാകുളം ഗവൺമെന്റ് ഗേൾസ് സ്കൂൾ തിരഞ്ഞെടുത്തതിൽ അതിയായ സന്തോഷമുണ്ടെന്നും അദ്ദേഹം പറഞ്ഞു.

കൊച്ചി നഗരസഭ വികസന കാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ പി. ആർ. റെനീഷ് അധ്യക്ഷത വഹിച്ച ചടങ്ങിൽ ജി.ആദർശ് കുമാർ, ഡയറക്ടർ, എസ്.സി.എം.എസ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റോഡ് സേഫ്റ്റി ആൻഡ് ട്രാൻസ്പോർട്ടേഷൻ സ്വാഗതം ആശംസിച്ചു. ഷീബ ലാൽ, ചെയർപേഴ്സൺ, ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി, അഡ്വ. പ്രിയ പ്രശാന്ത്, ചെയർപേഴ്സൺ, ടാക്സ് അപ്പീൽ കാര്യ സ്റ്റാൻഡിങ് കമ്മിറ്റി, പത്മജ എസ് മേനോൻ, ഡിവിഷൻ കൗൺസിലർ, ഷിബു പി.എസ്, സെക്രട്ടറി, കൊച്ചി നഗരസഭ, ഡോ. രാജൻ, ഡയറക്ടർ, സിഹെഡ്, ഡയാന സി എ, ഹെഡ് മിസ്ട്രെസ്, ഗവൺമെന്റ് ഹൈസ്കൂൾ ഫോർ ഗേൾസ്, എറണാകുളം, ഡോ .സുമി ജോയ് ഒലിയപ്പുറം, പി.ടി.എ പ്രസിഡന്റ്, ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ ഫോർ ഗേൾസ്, എറണാകുളം, നിസാർ, ഇൻസ്പെക്ടർ ഓഫ് പോലീസ് ട്രാഫിക് എന്നിവർക്ക് ചടങ്ങിൽ പങ്കെടുത്തു. ഉദ്ഘാടന ചടങ്ങിന് ശേഷം വിദ്യാർത്ഥികൾക്കായി എസ്.സി.എം.എസ് സ്കൂൾ ഓഫ് എൻജിനീയറിങ് മെക്കാനിക്കൽ വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ നിഖിൽ അശോക് നേതൃത്വം നൽകിയ റോഡ് സുരക്ഷാ ക്ലാസും, ഓട്ടോമൊബൈൽ വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ രാകേഷ് നേതൃത്വം നൽകിയ മുതിർന്ന കുട്ടികൾക്ക് വാഹനത്തിന്റെ സാങ്കേതികതയും പരിമിതികളും ബോധ്യപ്പെടുത്തുന്നത്തിനായുള്ള പരിശീലന ക്ലാസ്സും നടന്നു.

ഇരുന്നൂറോളം വിദ്യാർത്ഥികൾ പരിശീലന പരിപാടിയിൽ പങ്കെടുത്തു. സിഹെഡിലെ എൻവയോൺമെന്റ് എഞ്ചിനീയറായ അശ്വതി മുരളി ചടങ്ങിൽ നന്ദി പ്രകാശിപ്പിച്ചു.

## മാർത്തോമ്മൻ പൈതൃകം ഭാരത ക്രൈസ്തവ ഐക്യത്തിന്റെ മുഖമുദ്ര : പരിശുദ്ധ കാതോലിക്കാബാവാ

**കോട്ടയം :** മാർത്തോമ്മൻ പൈതൃകം ഇന്ത്യയിലെ മുഴുവൻ ക്രൈസ്തവ വിഭാഗങ്ങളെയും ഒരുമിപ്പിക്കുന്ന ഘടകമാണെന്ന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാബാവാ. ക്രിസ്തു ശിഷ്യനായ മാർത്തോമ്മാ ശ്ലീഹായാണ് ഭാരതത്തിൽ സഭ സ്ഥാപിച്ചത്. എന്നാൽ പിന്നീട് ഇന്ത്യയിലെ ക്രൈസ്തവർ പല വിശ്വാസ പ്രമാണങ്ങളിലേക്കും തിരിഞ്ഞു. അന്നും ഇന്നും ആ പൈതൃകത്തിൽ അടിയുറച്ച് നിൽക്കുന്നത് മലങ്കരസഭ മാത്രമാണ്. മാർത്തോമ്മൻ പൈതൃകം അവകാശപ്പെടുന്നവർ ഒരുമിക്കണം. അത്തരമൊരു ദർശനം കാലഘട്ടത്തിന്റെ ആ



വശ്യമാണെന്നും ബാവാ പറഞ്ഞു. 2024 ഫെബ്രുവരിയിൽ സംഘടിപ്പിച്ച മാർത്തോമ്മൻ പൈതൃക സംഗമത്തിന്റെ സ്മരണക്കായി പ്രസിദ്ധീകരിച്ച 'മാർത്തോമ്മൻ സ്മൃതി' എന്ന ഗ്രന്ഥത്തിന്റെ പ്രകാശനകർമ്മം നിർവഹിച്ച് സംസാരിക്കുകയായിരുന്നു ബാവാ. ദേവലോകം കാതോലിക്കേറ്റ് അരമനയിൽ നടന്ന ചടങ്ങിൽ വൈദിക സെമിനാരി പ്രിൻസിപ്പൽ ഫാ ഡോ ജോൺ തോമസ് കരിങ്ങാട്ടിൽ സ്മരണികയുടെ ആദ്യപ്രതി ഏറ്റുവാങ്ങി. സ്മരണിക കമ്മറ്റിയുടെ അധ്യക്ഷൻ ഡോ.യാക്കൂബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത അധ്യക്ഷത വഹിച്ചു. വൈദിക ട്രസ്റ്റി ഫാ.ഡോ.തോമസ് വർഗീസ് അമയിൽ, അൽമായ ട്രസ്റ്റി റോണി വർഗീസ് എബ്രഹാം, അസോസിയേഷൻ സെക്രട്ടറി അഡ്വ.ബിജു ഉമ്മൻ,സഭാ വക്താവ് ഫാ. ഡോ.ജോൺസ് എബ്രഹാം കോനാട്ട് റീശ് കോർ എപ്പിസ്കോപ്പാ, ഫാ. ഡോ.റെജി മാത്യൂസ്, ഫാ.ജിജി വർഗീസ്, ജേക്കബ് ഉമ്മൻ എന്നിവർ പ്രസംഗിച്ചു.

## കുസാറ്റ് അദ്ധ്യാപകന് 14.5 ലക്ഷം രൂപയുടെ ഇൻഡസ്ട്രി അക്കാഡമിക കൺസൾട്ടൻസി പ്രൊജക്റ്റ് ഗ്രാൻറ് ലഭിച്ചു



**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ പ്രൊഫസർക്ക് ഇൻഡസ്ട്രിഅക്കാഡമിക കൺസൾട്ടൻസി പ്രോജക്റ്റ് ഗ്രാൻറ് ലഭിച്ചു. സ്വിറ്റ്സർലന്റ് ആസ്ഥാനമായി പ്രവർത്തിക്കുന്ന മൾട്ടിനാഷണൽ കമ്പനിയായ ഗകഞളഅജ പ്രൈവറ്റ് ലിമിറ്റഡും കൊച്ചി സർവകലാശാലാ ഗണിത ശാസ്ത്രവിഭാഗവും ഒപ്പുവച്ച ഉടമ്പടിയുടെ അടിസ്ഥാനത്തിൽ സർവകലാശാലയിലെ ഗണിത ശാസ്ത്ര വിഭാഗം പ്രൊഫസർ ഡോ. ശശി ഗോപാലന് രണ്ടു പോസ്റ്റു ഡോക്ടറൽ ഫെല്ലോകളെ ഗൈഡുചെയ്യാനുള്ള 14.5 ലക്ഷം രൂപയുടെ ഇൻഡസ്ട്രി അക്കാഡമിക കൺസൾട്ടൻസി പ്രൊജക്റ്റ് ഗ്രാൻഡ് ലഭിച്ചു. കാർഷിക മേഖലയുടെ നൂതന വികസനത്തിന് ഉതകുന്ന ഒപ്റ്റിമൈസ്ഡ് പ്രൈസിങ്ങ് അൽഗോരിതവും ഒപ്റ്റിമൈസ്ഡ് ഫോർകാസ്റ്റിങ്ങ് അൽഗോരിതവും വികസിപ്പിക്കാനുള്ള പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പും കൺസൾട്ടൻസി തുകയും അടങ്ങുന്നതാണ് ഈ റിസർച്ച് ഗ്രാൻറ്.

## സെന്റർ ഫോർ ന്യൂറോസയൻസിന് 88 ലക്ഷം രൂപയുടെ ഗവേഷണ ഫെലോഷിപ്പ്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല സെന്റർ ഫോർ ന്യൂറോസയൻസിന് 88 ലക്ഷം രൂപയുടെ ഫെല്ലോഷിപ്പ് ലഭിച്ചു. പൂർണ്ണവളർച്ചയെത്താത്ത നവജാതശിശുക്കളിൽ അമിതമായ അളവിൽ ഓക്സിജൻ നല്കുന്നത് മൂലമുണ്ടാവുന്ന (ഹൈപ്പറോക്സിയ) ന്യൂറോണൽ ക്ഷതം കണ്ടെത്തുന്നതിലും ക്ഷതം കുറയ്ക്കുന്നതിനുള്ള നൂതനചികിത്സാരീതികൾ വികസിപ്പിക്കുന്നതിനും വേണ്ടിയാണ് ഫെല്ലോഷിപ്പ്. യു.എസ്.എയിലെ കേസ്സ് വെസ്റ്റേൺ റിസർവ് യൂണിവേഴ്സിറ്റിയിൽ പഠനം പൂർത്തിയാക്കിയ ഡോ. താര സുധാദേവിയും കുസാറ്റ് സെന്റർ ഫോർ ന്യൂറോസയന്സിന്റെ ഡയറക്ടർ ഡോ. ബേബി ചക്രപാണിയും ആണ് പഠനം നയിക്കുക. പൂർണ്ണ വളർച്ചയെത്താത്ത നവജാതകുഞ്ഞുങ്ങൾക്ക് ഉണ്ടാവുന്ന ശ്വാസകോശതലച്ചോർ ക്ഷതം നൂതനചികിത്സാരീതികൾ വഴി പരിഹരിക്കാനാണ് ഗവേഷണം ലക്ഷ്യമാക്കുന്നത്. യൂണിവേഴ്സിറ്റി ഓഫ് ഇല്ലിനോയസ് അറ്റ് ചിക്കാഗോയിലും, ക്ലീവ്ലാൻഡിലെ കേസ്സ് വെസ്റ്റേൺ റിസർവ് യൂണിവേഴ്സിറ്റിയിലും ഗവേഷണം പൂർത്തിയാക്കിയ താര ശ്വാസകോശക്ഷതം, ന്യൂറോറീജനറേറ്റീവ് മെഡിസിൻ, സ്റ്റെം സെൽ, ടിഷ്യൂ എഞ്ചിനീയറിംഗ് തുടങ്ങിയ മേഖലകളിൽ വൈദഗ്ധ്യം നേടിയിച്ചിട്ടുണ്ട്. വിദേശത്ത് പ്രവർത്തിക്കുന്ന ഇന്ത്യൻ ശാസ്ത്രജ്ഞരെ രാജ്യത്തേക്ക് തിരികെ കൊണ്ടുവരാനുള്ള പ്രത്യേക പദ്ധതിയുടെ ഭാഗമായി ആരോഗ്യഗവേഷണ വകുപ്പ് തിരഞ്ഞെടുത്ത ഏക ശാസ്ത്രജ്ഞയാണ് ഡോ. താര. ഇന്ത്യയിലെ പ്രമുഖ സർവകലാശാലകളിലും ഗവേഷണസ്ഥാപനങ്ങളിലും ഗവേഷണ സംവിധാനങ്ങൾ തുടങ്ങുന്നതിന്റെ ഭാഗമായി കേന്ദ്ര ആരോഗ്യഗവേഷണവകുപ്പിന്റെ പദ്ധതിയായയാണ് ഫെല്ലോഷിപ് നൽകുന്നത്. നവജാതശിശുക്കളിൽ ന്യൂറോ ശാസ്ത്ര ഗവേഷണം മുന്നോട്ട് കൊണ്ടുപോകുന്നതിൽ സെന്റർ ഫോർ ന്യൂറോസയൻസ് നയിക്കുന്ന ഈ പദ്ധതി പൂർണ്ണവളർച്ചയെത്താത്ത നവജാതശിശുക്കൾക്ക് ഉണ്ടാവുന്ന ശ്വാസകോശതലച്ചോർ ക്ഷതവുമായി ബന്ധപ്പെട്ട ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ ഇന്ത്യയെ ആഗോളതലത്തിൽ നയിക്കും

## ജൂനിയർ റിസർച്ച് ഫെല്ലോ 2 ഒഴിവ്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല മറൈൻ ബയോളജി വകുപ്പിൽ കേന്ദ്ര ഭൗമശാത്ര മന്ത്രാലയത്തിന്റെ ധനസഹായത്തോടെ 'ഡീപ് ഓഷ്യൻ മിഷൻ' പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ചാഗോസ് ലക്ഷദ്വീപ് റിഡ്ജ് ഏരിയയിലെ സൂക്ഷ്മജീവികളെയും അവയിൽ നിന്നുള്ള വ്യവസായിക പ്രധാന്യമുള്ള എൻസൈമുകളെയും കുറിച്ചുള്ള പഠനം നടത്തുന്നതിനായുള്ള പ്രൊജെക്റ്റിലേക്ക് 2 ജൂനിയർ റിസർച്ച് ഫെല്ലോയുടെ താല്കാലിക ഒഴിവിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. രണ്ടു വർഷമാണ് പ്രോജക്റ്റ് കാലാവധി. മറൈൻ മൈക്രോബയോളജി/ മൈക്രോബയോളജി/ മറൈൻ ബയോളജി എന്നിവയിൽ ഏതെങ്കിലും ഒന്നിൽ ഉള്ള ബിരുദാനന്തര ബിരുദവും മറൈൻ മൈക്രോബയോളജിയിൽ ഉള്ള പ്രവൃത്തി പരിചയവും ആണ് അടിസ്ഥാന യോഗ്യത. NET/GATE മറ്റ് ദേശീയ തലത്തിലുള്ള പരീക്ഷകൾ വിജയിച്ചവർക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്. പ്രതിമാസം 37000 രൂപയും ഒഞഅ ഉണ്ടായിരിക്കുന്നതാണ്. താൽപര്യം ഉള്ള ഉദ്യോഗാർത്ഥികൾ വിശദമായ അപേക്ഷയും സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളും സഹിതം സീനിയർ പ്രൊഫ (ഡോ.) എ എ മൊഹമ്മദ് ഹാത്ത/ ഡോ. ചൈതന്യ ഇ ആർ., പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ/ കോ ഇൻവെസ്റ്റിഗേറ്റർ, മറൈൻ ബായോളജി, മൈക്രോബയോളജി ആന്ഡ് ബയോകെമിസ്ട്രി. സ്കൂൾ ഓഫ് മറൈൻ സയൻസസ്. ലേക്സൈഡ് ക്യാംപസ്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല, കൊച്ചി16 എന്ന വിലാസത്തിൽ അയക്കുക. അപേക്ഷകൾ ലഭിക്കേണ്ട അവസാന തിയ്യതി 2025 ജനുവരി 24. തിരഞ്ഞെടുക്കപ്പെട്ട അപേക്ഷകരെ ഇൻറർവ്യൂ തിയ്യതി അറിയിക്കുന്നതാണ്. വിശദ വിവരങ്ങൾക്ക് പ്രൊഫ (ഡോ.) എ എ മൊഹമ്മദ് ഹാത്ത/ ഡോ. ചൈതന്യ ഇ ആർ എന്നിവരെ ബന്ധപ്പെടുക. കൂടുതൽ വിവരങ്ങൾക്ക് 9446866050/9847667888 എന്നീ നമ്പറുകളിലോ, mohamedhatha@gmail.com/ chaithanyaer@cusat.ac.in എന്നീ ഇമെയിൽ വിലാസത്തിലോ ബന്ധപ്പെടേണ്ടതാണ്.

## ഡ്രൈവർ നിയമനം

**തിരുവനന്തപുരം:** ക്ലീൻ കേരള കമ്പനി ലിമിറ്റഡ്, കണ്ണൂർ ജില്ല ഒഴികെയുള്ള ജില്ലകളിൽ ഉണ്ടാകാനിടയുള്ള ഡ്രൈവർ ഒഴിവുകളിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. ജനുവരി 28നകം അപേക്ഷ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക്: www.cleankeralacompany.com.

## ക്വട്ടേഷൻ ക്ഷണിച്ചു

**ആലപ്പുഴ:** മുതുകുളം ഐസിഡിഎസ് പ്രോജക്ട് പരിധിയിലുള്ള ആറാട്ടുപ്പുഴ പഞ്ചായത്തിൽ 202425 സാമ്പത്തിക വർഷത്തെ അങ്കണവാടി കം ക്രഷ് പദ്ധതി നടപ്പിലാക്കുന്നതിനായി എസ്റ്റാബ്ലിഷ്മെന്റ് പ്രവർത്തികളുടെ സാധനസാമഗ്രികൾ വിതരണം ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. അവസാന തീയതി ജനുവരി 24 ഉച്ചയ്ക്ക് 1 മണി. ഫോൺ 9188959692,9656714320.

## അപേക്ഷകൾ ക്ഷണിച്ചു

**ആലപ്പുഴ:** സംരംഭകർക്കായി കേരള ഇൻസ്റ്റിട്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് (കീഡ്) ഇൻകുബേഷൻ സെന്റർ ആരംഭിക്കുന്നു. അങ്കമാലിയിലുള്ള കീഡിന്റെ എന്റർപ്രൈസ് ഡെവലപ്മെന്റ് സെന്റർ ൽ ആണ് ഇത് ആരംഭിക്കുന്നത്. പ്രാരംഭ ഘട്ടത്തിലുള്ള സ്റ്റാർട്ടപ്പുകൾക്കും അതുപോലെ തന്നെ കേരളത്തിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന എംഎസ്എംഇകൾക്കും അപേക്ഷിക്കാം. താത്പര്യമുള്ളവർ ഓൺലൈനായി https://shorturl.at/czCKf ൽ ജനുവരി 31 ന് മുൻപ് അപേക്ഷ സമർപ്പിക്കുക. ഫോൺ: 0484 2532890

## ടെൻഡർ

**ആലപ്പുഴ:** ഗവ. റ്റി.ഡി. മെഡിക്കൽ കോളേജ് ആശുപത്രിയിലെ ആശുപത്രി വികസന സമിതിയുടെ കീഴിലുള്ള കംഫർട്ട് സ്റ്റേഷൻ ഒരു വർത്തേക്ക് നടത്തുന്നതിന് ടെൻഡർ ക്ഷണിച്ചു. അവസാന തീയതി ജനുവരി 23 പകൽ 3 മണി.

**കൊല്ലം:** വെട്ടിക്കവല ഐ.സി.ഡി.എസ് പരിധിയിലുള്ള അങ്കണവാടികളിലേക്ക് കണ്ടിജൻസി സാധനങ്ങൾ വിതരണം ചെയ്യുന്നതിന് ടെൻഡർ ക്ഷണിച്ചു. ജനുവരി 21 ഉച്ചയ്ക്ക് ഒന്നുവരെ സമർപ്പിക്കാം. ഫോൺ: 0474 2404299, 9746114030.

**കൊല്ലം:** അർബൻ രണ്ട് ഐ.സി.ഡി.എസ് പ്രോജക്ട് ഓഫീസ് പരിധിയിലെ 30 അങ്കണവാടികളിലേക്ക് ഫർണിച്ചർ/ഉപകരണങ്ങൾ വിതരണം ചെയ്യാൻ ടെൻഡർ ക്ഷണിച്ചു. ജനുവരി 23 ഉച്ചക്ക് രണ്ടിനകം സമർപ്പിക്കണം. ഫോൺ: 0474 2740590, 9188959663.

## പാലിയേറ്റീവ് നഴ്സിംഗ് കോഴ്സ്

**കണ്ണൂർ:** ജില്ലാ ആശുപത്രിയിലെ സാന്ത്വന പരിചരണ വിഭാഗം ജില്ലാ പാലിയേറ്റീവ് ട്രെയിനിംഗ് സെന്ററിൽ നടത്തുന്ന സർട്ടിഫിക്കേറ്റ് കോഴ്സ് ഇൻ കമ്മ്യൂണിറ്റി പാലിയേറ്റീവ് നഴ്സിംഗ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. എസ്.എസ്.എൽ.സിയും എ.എൻ.എം/ജെ.പി.എച്ച്.എൻ കോഴ്സ് പഠനവും നഴ്സിംഗ് ഹോമുകളിലോ, പാലിയേറ്റീവ് കെയറിലോ തുടർച്ചയായ ഒന്നര വർഷത്തെ പ്രവൃത്തി പരിചയമുള്ളവർക്ക് അപേക്ഷിക്കാം. അപേക്ഷ ഫോറം ജില്ലാ ആശുപത്രി പാലിയേറ്റീവ് കെയർ വിഭാഗത്തിൽ ലഭിക്കും. ഫോൺ : 0497 2731234.

## ലേലം

**കണ്ണൂർ:** കുടുംബ കോടതിയുടെ വാറണ്ട് പ്രകാരം തുക വസൂലാക്കുന്നതിന് ശ്രീകണ്ഠാപുരം വില്ലേജ്, കോട്ടൂർ ദേശം, റീ സർവെ നമ്പർ 8/106 ൽ ഉൾപ്പെട്ട 0.0202 ഹെക്ടർ വസ്തു ഫെബ്രുവരി 13 ന് രാവിലെ 11.30 ന് ശ്രീകണ്ഠാപുരം വില്ലേജ് ഓഫീസിൽ പരസ്യമായി ലേലം ചെയ്യും.



# കാർഷിക രംഗത്ത് 2375 കോടിയുടെ പദ്ധതികൾ നടപ്പാക്കും: മന്ത്രി പി. പ്രസാദ്

**കണ്ണൂർ:** 2025 മുതൽ അഞ്ച് വർഷകാലത്തേക്ക് സംസ്ഥാനത്തെ കാർഷിക രംഗത്ത് കൃഷി വകുപ്പ് 2375 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കുമെന്ന് കൃഷി വകുപ്പ് മന്ത്രി മന്ത്രി പി. പ്രസാദ് പറഞ്ഞു. ഇരിക്കൂർ കർഷകസംഗമം 'അഗ്രി ഫെസ്റ്റ് 25' നടുപ്പറമ്പിൽ സ്പോർട്സ് സിറ്റിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. 30,000 ഹെക്ടറിലെ റബ്ബർ റീപ്ലാന്റിങ്ങിനും റബ്ബർ മേഖലയുടെ ഉണർവ്വിനുമായി 250 കോടിയോളം രൂപ നീക്കി വെച്ചിട്ടുണ്ട്. കാർഷിക മേഖലയിൽ ഇടപെടുന്നതിന്റെ ഭാഗമായി ബിടുബി മീറ്ററുകൾ സംഘടിപ്പിക്കും. സ്റ്റാർട്ടപ്പുകൾ വഴി ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സഹായത്തോടെ തയ്യാറാക്കിയ ഉപകരണങ്ങൾ കാർഷിക മേഖലയിൽ പരീക്ഷണാടിസ്ഥാനത്തിൽ ആറുമാസത്തിനുള്ളിൽ അവതരിപ്പിക്കുമെന്നും മന്ത്രി പറഞ്ഞു. വന്യമൃഗ ശല്യത്തെ അഭിമുഖീകരിക്കാൻ കൃഷി വകുപ്പ് 27 കോടി രൂപ മാറ്റിവച്ചു. ഇത് ചരിത്രത്തിൽ ആദ്യമായിട്ടാണെന്നും മന്ത്രി പറഞ്ഞു.

മഹാഭൂരിപക്ഷം കർഷകരും കാർഷിക മേഖലയുടെ പ്രാഥമിക ഘട്ടത്തിലാണ് ഇടപെടുന്നത്. ഇതുകൊണ്ട് കർഷകർക്ക് മെച്ചപ്പെട്ട വരുമാനമാർഗത്തിലേക്ക് എത്താൻ പ്രയാസമാണ്. ഉൽപ്പന്നങ്ങളുടെ വില നിശ്ചയിക്കുന്നത് ഉത്പാദിപ്പിച്ചവരാണ്. എന്നാൽ കർഷകന്റെ ഉൽപന്നത്തിന് മാത്രം വിലയിടാൻ കർഷകന് അവകാശമില്ല. ഇവിടെയാണ് കൃഷിയുടെ മറ്റൊരു ഘട്ടത്തെക്കുറിച്ച് നമ്മൾ ചിന്തിക്കേണ്ടത്. അത് ദ്വിതീയ കൃഷിയാണ്. ഉൽപന്നത്തിന് വിലയിടാനുള്ള അവകാശം ഉത്പാദകന് ലഭ്യമാകുന്ന തരത്തിലേക്ക് കൃഷിയെ മാറ്റാനാകണം. തേങ്ങയിൽ നിന്ന് വെളിച്ചെണ്ണ ഉത്പാദിപ്പിക്കുന്നത്, കപ്പയിൽ നിന്നും ചിപ്സ് പോലുള്ളവ ഉണ്ടാക്കുന്നത്, വാഴക്കുല ഉപ്പേരിയോ പൊടിയോആക്കി മാറ്റുന്നതെല്ലാമാണ് ഇതിൽ വരുന്നത്. പ്രാഥമിക കൃഷിയോടൊപ്പം ദ്വിതീയ കൃഷിയിലേക്ക് ശ്രദ്ധ തിരിക്കണമെന്നും മന്ത്രി പറഞ്ഞു.ചെറുപ്പക്കാർ കാർഷിക മേഖലയിലേക്ക് കൂടുതലായി ഇറങ്ങേണ്ടത് അനിവാര്യമാണ്.

ഓരോ പ്രദേശത്തെയും അടിസ്ഥാനപ്പെടുത്തി വേണം കൃഷിയുടെ ആസൂത്രണം. കേരളത്തിൽ പതിനായിരം കൃഷിക്കൂട്ടങ്ങൾ നിശ്ചയിച്ചിടത്ത് ഇപ്പോൾ ഇരുപത്തയ്യായിരത്തിലധികം കൃഷിക്കൂട്ടങ്ങളുണ്ട്. കൃഷിയിൽ വലിയൊരു മുന്നേറ്റം ഉണ്ടാക്കാൻ ഇതിലൂടെ സാധിച്ചുവെന്നും മന്ത്രി പറഞ്ഞു.

കെ സുധാകരൻ എംപി അധ്യക്ഷനായി. അഡ്വ. സജീവ് ജോസഫ് എംഎൽഎ, തലശ്ശേരി അതിരൂപത ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി, നോർത്തേൺ സർക്കിൾ ഫോറസ്റ്റ് ചീഫ് കൺസർവേറ്റർ കെ.എസ് ദീപ, സംസ്ഥാന കാർഷിക കടാശ്വാസ കമീഷൻ അംഗം കെ.സി വിജയൻ, ആലക്കോട് ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് പി.സി ആയിഷ, കണ്ണൂർ പ്രിൻസിപ്പൽ കൃഷി ഓഫീസർ എം.എൻ പ്രദീപൻ, ജനപ്രതിനിധികൾ, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

തുടർന്ന് താവം ഗ്രാമവേദി അവതരിപ്പിച്ച സാംസ്കാരിക സന്ധ്യ അരങ്ങേറി. ഉദ്ഘാടന സമ്മേളനത്തിന് മുന്നോടിയായി കർഷക ഘോഷയാത്രയും ഉണ്ടായിരുന്നു.

# ദേശീയപാത വികസനം: കോട്ടയം ജില്ലയിൽ 4 ബൈപാസുകൾ വരുന്നു

**കോട്ടയം:** വീടുകളും കെട്ടിടങ്ങളും പൊളിക്കുന്നതു പരമാവധി ഒഴിവാക്കാൻ ജില്ലയിൽ ദേശീയപാത വികസനത്തിൽ 4 ബൈപാസ് ശുപാർശകൾ.ദേശീയപാത 183ന്റെ വികസനത്തിന്റെ ഭാഗമായി കോട്ടയം, പാമ്പാടി, കൊടുങ്ങൂർ, പുളിക്കൽ കവല ബൈപാസുകൾക്കാണു നിർദേശം. ഫ്രാൻസിസ് ജോർജ് എംപി വിളിച്ച, ദേശീയപാത വികസനം സംബന്ധിച്ച യോഗത്തിലെ നിർദേശങ്ങൾ കേന്ദ്ര ഗതാഗത മന്ത്രാലയം ഉടൻ ചർച്ച ചെയ്യും.



ബൈപാസുകൾ സംബന്ധിച്ച നിർദേശങ്ങൾ കൺസൽറ്റന്റ് ഏജൻസി അടുത്ത ദിവസം മോർത്ത് അധികൃതർക്കു കൈമാറും. കോട്ടയം ബൈപാസ് സംബന്ധിച്ച പ്രാഥമിക അലൈൻമെന്റ് നേരത്തെ കൈമാറിയിരുന്നു. എന്നാൽ കഴിഞ്ഞ ദിവസത്തെ യോഗത്തിലെ നിർദേശങ്ങൾക്കൂടി ചേർത്ത് പുതിയ അലൈൻമെന്റ് മോർത്തിന് കൈമാറും.കോട്ടയം, മണർകാട്, പാമ്പാടി ഭാഗങ്ങളിലെ കെട്ടിടങ്ങൾ വ്യാപകമായി പൊളിക്കുന്നത് ഒഴിവാക്കാനാണു ബൈപാസ് നിർദേശിക്കുന്നത്.ദേശീയപാത 183ൽ മുളങ്കുഴ ജംക്ഷനിൽ പുതിയ ബൈപാസ് ആരംഭിക്കും. മുളങ്കുഴയിൽനിന്ന് 100 മീറ്റർ തിരിഞ്ഞ് കാക്കൂർ ജംക്ഷനിൽ എത്തി അവിടെ നിന്ന് ലുലുമാളിന്റെ പിൻവശം വഴി ഈരയിൽക്കടവ്, മണിപ്പുഴ ബൈപാസിൽ എത്തും. ഇവിടെനിന്ന് ഈരയിൽക്കടവ് ബൈപാസ് വഴി തന്നെ മുന്നോട്ട് പോയി മുപ്പായിപ്പാടം റോഡിന്റെ ഭാഗത്തു തിരിഞ്ഞ് കൊടൂരാർ തീരം വഴി മുന്നോട്ട്. റെയിൽവേ ലൈൻ കടന്ന് പാടശേഖരങ്ങൾ വഴി തന്നെ റോഡ് നിർമിക്കാനാണു നിർദേശം. കോട്ടയം, പുതുപ്പള്ളി റോഡ് കോട്ടയം ഭാഗത്തുനിന്നു വരുമ്പോൾ പുതുപ്പള്ളി ജംക്ഷന് 500 മീറ്റർ മുൻപായി മുറിച്ച് കടക്കും. പുതുപ്പള്ളി, മണർകാട് റോഡ്, പുതുപ്പള്ളി, പയ്യപ്പാടി, പയ്യപ്പാടി, കൊച്ചുമറ്റം റോഡുകൾ കടന്ന് വെള്ളൂരിൽ നിലവിലെ ദേശീയപാതയിൽ എത്തും.



# കർഷകർക്ക് സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്തു

**കൊല്ലം:** മണ്ണിന്റെ ഘടനയും ജൈവാംശവുമെല്ലാം ശാസ്ത്രീയമായി പരിശോധിച്ച് അനുയോജ്യമായ കൃഷി ചെയ്യാനും ആവശ്യത്തിന് മാത്രം വളപ്രയോഗം നടത്താനും കർഷകരെ സഹായിക്കുന്ന സോയിൽ ഹെൽത്ത് കാർഡുകളുടെ വിതരണത്തിന് ജില്ലയിൽ തുടക്കം. നാഷണൽ മിഷൻ ഓൺ സസ്റ്റയിനബിൾ അഗ്രികൾച്ചർ പദ്ധതി പ്രകാരം കാർഷിക വികസനകർഷക ക്ഷേമ വകുപ്പിന്റെ നേതൃത്വത്തിലാണ് കാർഡുകൾ വിതരണം ചെയ്യുന്നത്. ജില്ലയിൽ 202425 വർഷം 5,800 മണ്ണ് സാമ്പിളുകളാണ് പരിശോധിച്ചത്. ഇതിൽ 5,150 സാമ്പിളുകളുടെ ഹെൽത്ത് കാർഡുകൾ വിതരണത്തിന് തയ്യാറായിട്ടുണ്ട്.

ആദ്യഘട്ട വിതരണോദ്ഘാടനം ജില്ലാ കലക്ടർ എൻ. ദേവിദാസ് നിർവഹിച്ചു. ജില്ലാ മണ്ണ് പരിശോധന ലാബിന് ലഭിച്ച നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിങ് ആൻഡ് കാലിബ്രേഷൻ ലബോറട്ടറീസിന്റെ (എൻ.എ.ബി.എൽ) സർട്ടിഫിക്കറ്റിന്റെ പ്രകാശനവും നിർവഹിച്ചു. പ്രിൻസിപ്പൽ കൃഷി ഓഫീസർ രാജേഷ് അധ്യക്ഷനായി. 'ആത്മ' പ്രോജക്ട് ഡയറക്ടർ ഗീത, അസി. സോയിൽ കെമിസ്റ്റ് ഹരീഷ് എന്നിവർ സംസാരിച്ചു. സദാനന്ദപുരം എഫ്.എസ്.ആർ.എസ് അസി. പ്രൊഫസർ ഡോ. രഞ്ജൻ ബോധവത്കരണ ക്ലാസെടുത്തു.

## വ്യക്തിത്വ വികസന കരിയർ ഗൈഡൻസ് ക്ലാസ് സംഘടിപ്പിച്ചു

**കണ്ണൂർ:** കേരള സർക്കാർ ന്യൂനപക്ഷ വകുപ്പിന് കീഴിൽ തലശ്ശേരി എഞ്ചിനീയറിംഗ് കോളേജിൽ വ്യക്തിത്വ വികസന കരിയർ ഗൈഡൻസ് ക്ലാസ് സംഘടിപ്പിച്ചു. ജില്ലാ കലക്ടർ അരുൺ കെ വിജയൻ ഉദ്ഘാടനം ചെയ്ത് വിദ്യാർഥികളോട് സംവദിച്ചു.

കോളേജ് പ്രിൻസിപ്പൽ ഡോ. പി രാജീവ് അധ്യക്ഷത വഹിച്ചു. കലക്ട്രേറ്റ് ജൂനിയർ സുപ്രണ്ട് എം. കിഷോർ ക്യാമ്പ് വിശദീകരണം നടത്തി. ട്രൈനർമാരായ ഡോ. ടി.കെ മുനീർ, ഡോ. ഉമേഷ് തുടങ്ങിയവർ സെഷനുകൾ വിശദീകരിച്ചു.

നിർമൽ കുമാർ, കെ ഷൈജു എന്നിവർ പരിശീലന ക്ലാസുകൾ കൈകാര്യം ചെയ്തു. ഡോ. എബി ഡാവിഡ്, അപർണ, ക്യാമ്പ് കോ ഓർഡിനേറ്റർ നിഷ റോസ്, ടി.കെ നിവ്യ തുടങ്ങിയവർ സംസാരിച്ചു.

## വ്യോമസേനയിൽ അഗ്നിവീർ രജിസ്ട്രേഷൻ ജനുവരി 27 വരെ

**കണ്ണൂർ:** ഇന്ത്യൻ വ്യോമസേനയിൽ അഗ്നിവീർ പദ്ധതിയിലേക്ക് 2005 ജനുവരി ഒന്നിനും 2008 ജൂലൈ എട്ടിനും (രണ്ടു തിയതികളും ഉൾപ്പെടെ)മധ്യേ ജനിച്ച അവിവാഹിതരായ സ്ത്രീപുരുഷന്മാരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. https://agnipathvayu.cdac.in/AV/ എന്ന വെബ്സൈറ്റ് വഴി ജനുവരി 27 വരെ രജിസ്റ്റർ ചെയ്യാം.

മാർച്ച് 22 മുതലാണ് ഓൺലൈൻ പരീക്ഷ ആരംഭിക്കുന്നത്.




മുത്തൂറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ആൻഡ് സയൻസസ് പ്രിൻസിപ്പൽ ഡോ. നീലകണ്ഠൻ പി.സി, മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ് ഡെപ്യൂട്ടി മാനേജിംഗ് ഡയറക്ടർ ജോർജ് മുത്തൂറ്റ് ജേക്കബ്, മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ജോർജ് അലക്സാണ്ടർ മുത്തൂറ്റ്, മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ് ഡെപ്യൂട്ടി മാനേജിംഗ് ഡയറക്ടർ ജോർജ്ജ്. എം. ജോർജ്, മുത്തൂറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ആൻഡ് സയൻസ് വൈസ് പ്രിൻസിപ്പൽ പ്രൊഫ. ഡോ. ചിക്കു എബ്രഹാം

# മുത്തൂറ്റ് ഫിൻക്ലൂഷൻ ചലഞ്ച് 2025 അവതരിപ്പിച്ച് മുത്തൂറ്റ് ഗ്രൂപ്പ്

**കൊച്ചി:** സാമ്പത്തിക ഉൾപ്പെടുത്തൽ വെല്ലുവിളികളെ നേരിടാനായി നൂതനമായ പരിഹാര മാർഗ്ഗങ്ങൾ വികസിപ്പിക്കുന്നതിന് ഇന്ത്യയിലെ യുവാക്കളെ പ്രോത്സാഹിപ്പിക്കാനായി രാജ്യവ്യാപകമായി നടത്തുന്ന ഇന്നൊവേഷൻ മത്സരമായ 'മുത്തൂറ്റ് ഫിൻക്ലൂഷൻ ചലഞ്ച് 2025' മുത്തൂറ്റ് ഗ്രൂപ്പ് അവതരിപ്പിച്ചു. 9 ലക്ഷം രൂപയുടെ സമ്മാനങ്ങളും, വിജയികൾക്ക് പ്രത്യേകമായി പ്രീപ്ലേസ്മെൻറ് ഇൻറർവ്യൂ (പിപിഐ) അവസരങ്ങളും പുതുമകൾ സൃഷ്ടിക്കാൻ ആഗ്രഹിക്കുന്നവർക്ക് മികച്ച ഒരു പ്ലാറ്റ്ഫോം ഈ മത്സരം ഒരുക്കുന്നു.

'യുവർ ചാൻസ് ടു പ്രോപെൽ ഇന്ത്യ ടവേഴ്സ് ഫിനാൻഷ്യൽ ഇൻക്ലൂഷൻ' എന്ന വിഷയത്തിൽ രാജ്യത്തിൻറെ സാമ്പത്തിക മേഖലയെ മാറ്റിമറിക്കാൻ കഴിവുള്ള വിദ്യാർത്ഥികളിൽ നിന്നുള്ള പുത്തൻ ആശയങ്ങൾ പ്രയോജനപ്പെടുത്താനാണ് ഇത് ലക്ഷ്യമിടുന്നത്. മുത്തൂറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി & സയൻസും (എംഐടിഎസ്) മുത്തൂറ്റ് ബിസിനസ് സ്കൂളും (എംബിഎസ്) ഈ പദ്ധതിയുടെ നടത്തിപ്പിൻറെ പങ്കാളികളാണ്.

വിവിധ അധ്യയന വർഷങ്ങളിലെ ബിഇ/ബി.ടെക്, ഇൻറഗ്രേറ്റഡ് ഡ്യുവൽഡിഗ്രി വിദ്യാർത്ഥികൾ എന്നിവർക്കൊപ്പം തിരഞ്ഞെടുത്ത കോളേജുകളിലെ ഫുൾ ടൈം എംബിഎ വിദ്യാർത്ഥികൾക്കും മത്സരത്തിൽ പങ്കെടുക്കാം. ക്രോസ്സ്പെഷ്യലൈസേഷനും ക്രോസ്കാമ്പസ് പങ്കാളിത്തവും അനുസരിച്ച് ടീമുകളിൽ 3 പേർ വരെ ആകാം.

മത്സര രീതിയിൽ ഓൺലൈൻ മൂല്യനിർണ്ണയം, എക്സിക്യൂട്ടീവ് സമ്മറി സബ്മിഷൻ, വ്യവസായ പ്രമുഖരുമായുള്ള മാസ്റ്റർ ക്ലാസ്, മികച്ച ടീമുകൾ അവരുടെ പരിഹാര മാർഗ്ഗങ്ങൾ അവതരിപ്പിക്കാനുള്ള ഗ്രാൻഡ് ഫിനാലെ എന്നിവ ഉൾപ്പെടുന്നു. മാർച്ച് 4നാണ് ഗ്രാൻഡ് ഫിനാലെ. ഓൺലൈനായി രജിസ്ട്രേഷൻ നടത്താം.

മുത്തൂറ്റ് ഫിൻക്ലൂഷൻ ചലഞ്ച് 2025ലൂടെ ഓരോ ഇന്ത്യക്കാരനും സാമ്പത്തിക സേവനങ്ങൾ കൂടുതൽ ലഭ്യമാക്കാൻ സഹായിക്കുന്ന നൂതനാശയങ്ങളെ പ്രോത്സാഹിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. ഈ പദ്ധതി യുവ പ്രതിഭകളെ ശാക്തീകരിക്കുന്നതിനും സാമ്പത്തിക ഉൾപ്പെടുത്തലിനും സാമ്പത്തിക വളർച്ചയ്ക്കും ഉതകുന്ന പരിഹാര മാർഗ്ഗങ്ങൾ വികസിപ്പിക്കുന്നതിന് അവരെ സഹായിക്കാനുള്ള തങ്ങളുടെ പ്രതിബദ്ധതയെയാണ് കാണിക്കുന്നത്.

ഏറ്റവും കഴിവുള്ള ആളുകളുമായി ഇടപഴകുന്നതിലൂടെ സാമ്പത്തിക വിടവ് നികത്തുകയും കൂടുതൽ ഉൾക്കൊള്ളുന്ന സമ്പദ്വ്യവസ്ഥയ്ക്ക് ഉതകുന്ന ആശയങ്ങൾ തിരിച്ചറിയാമെന്ന് തങ്ങൾ പ്രതീക്ഷിക്കുന്നു. സാമ്പത്തികമായി ഉൾക്കൊള്ളുന്ന ഇന്ത്യയെ രൂപപ്പെടുത്താൻ സഹായിക്കുന്ന ഫലപ്രദമായ പരിഹാര മാർഗ്ഗങ്ങൾ ഈ പദ്ധതിയിലൂടെ പ്രതീക്ഷിക്കുന്നതായി മുത്തൂറ്റ് ഫിനാൻസ് മാനേജിംഗ് ഡയറക്ടർ ജോർജ് അലക്സാണ്ടർ മുത്തൂറ്റ് പറഞ്ഞു.

വിജയികൾക്ക് 5,00,000 രൂപ, ഫസ്റ്റ് റണ്ണേഴ്സ് അപ്പിന് 3,00,000 രൂപ, സെക്കൻഡ് റണ്ണേഴ്സ് അപ്പിന് 1,00,000 രൂപയാണ് ഇതിലൂടെ ലഭിക്കുന്നത്.

15 മുതൽ 20 ലക്ഷം വരെ വാർഷിക ശമ്പളത്തിൽ പ്രോഡക്റ്റ് മാനേജർ ഫിനാൻസ് ആൻഡ് ബിസിനസ് അനലിസ്റ്റ് പോലുള്ള ജോലിക്കുള്ള പ്രീ പ്ലേസ്മെൻറ് ഇൻറർവ്യൂ അവസരങ്ങളും ലഭിക്കും.




# ജോയ്ആലുക്കാസിന് രണ്ടു ദേശീയ പുരസ്കാരങ്ങൾ

**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ ജ്വല്ലറി ഗ്രൂപ്പായ ജോയ്ആലുക്കാസിന് പുരസ്കാരനേട്ടം. റീട്ടെയിൽ ജ്വല്ലർ എംഡി & സിഇഒ അവാർഡ് 2025ൽ മികച്ച സ്ട്രാറ്റജിക് ആൻഡ് ഇൻ്റഗ്രേറ്റഡ് മാർക്കറ്റിംഗ് 2025, നാഷണൽ റീട്ടെയിൽ ചെയിൻ ഓഫ് ദി ഇയർ 2025 എന്നീ പുരസ്കാരങ്ങളാണ് നേടിയത്. മുംബൈയിൽ നടന്ന പരിപാടിയിൽ ജോയ്ആലുക്കാസ് ഇന്ത്യാ ലിമിറ്റഡ് എക്സിക്യൂട്ടീവ് ഡയറക്ടർ തോമസ് മാത്യു അവാർഡുകൾ ഏറ്റുവാങ്ങി. വിട്ടു വീഴ്ചയില്ലാത്ത ഉപഭോക്തൃ സേവനം, ജ്വല്ലറി വ്യവസായ മേഖലയിലെ നൂതനവും, കാര്യ ക്ഷമമായ കമ്പനിയുടെ പ്രതിബദ്ധത എന്നിവക്ക് ലഭിച്ച അംഗീകാരമാണ് ഈ പുരസ്കാരങ്ങൾ.

മികച്ച മാർക്കറ്റിംഗ് തന്ത്രങ്ങളിലൂടെ അവബോധം വളർത്തിയെടുക്കുന്നതിലും ബിസിനസ്സ് മെച്ചപ്പെടുത്തുന്നതിലും ജോയ്ആലുക്കാസ് ഗ്രൂപ്പ് നടത്തിയ പ്രവർത്തനങ്ങൾക്കുള്ള അംഗീകരികാരമാണ് സ്ട്രാറ്റജിക് ആൻഡ് ഇൻ്റഗ്രേറ്റഡ് മാർക്കറ്റിംഗ് പുരസ്കാരം. ഗ്രൂപ്പിന്റെ കഴിഞ്ഞ വർഷത്തെ ശ്രദ്ധേയമായ വളർച്ചയും റീട്ടെയിൽ വിപുലീകരണവും പരിഗണിച്ചാണ് നാഷണൽ റീട്ടെയിൽ ചെയിൻ ഓഫ് ദി ഇയർ 2025 പുരസ്കാരം ജോയ്ആലുക്കാസിന് ലഭിച്ചത്.

ഉപഭോക്താക്കളോടുള്ള അചഞ്ചലമായ പ്രതിബദ്ധതയ്ക്ക് പുറമെ മുഴുവൻ ജീവനക്കാരുടെയും ആത്മസമർപ്പണത്തോടെയുള്ള പ്രവർത്തനങ്ങൾക്ക് കൂടി ലഭിച്ച അംഗീകാരമാണ് ഈ പുരസ്കാരനേട്ടമെന്നു ചെയർമാനും മാനേജിങ് ഡയറക്ടറുമായ ജോയ് ആലുക്കാസ് പറഞ്ഞു. ഇതിനായി പരിശ്രമിക്കുകയും പിന്തുണ നൽകുകയും ചെയ്ത സ്ഥാപനത്തിലെ മുഴുവൻ അംഗങ്ങൾക്കുമായി ഈ പുരസ്കാരം സമർപ്പിക്കുന്നു. ഉപഭോക്താക്കൾക്ക് ആഗോള നിലവാരത്തിലുള്ള ജ്വല്ലറി ഷോപ്പിംഗ് സാധ്യമാക്കുന്നതിൽ ഞങ്ങൾ തുടർന്നും പ്രതിബദ്ധത പുലർത്തുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## കുസാറ്റ്: ജോബ് ഫെയർ

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോമോഡൽ കരിയർ സെന്ററിന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി മാസത്തിൽ ഒരു മെഗാ ജോബ്ഫെയർ നടത്തുന്നു. ബിരുദം, ബിരുദാനന്തര ബിരുദം യോഗ്യതയുള്ള ഫ്രെഷേഴ്സും പ്രവൃത്തിപരിചയം എന്നിവയുള്ള തൊഴിൽ അന്വേഷകരുടെ പങ്കാളിത്തം സ്വീകരിക്കുന്നതാണ്. ഐടി പ്രവർത്തന മേഖലയിൽ നിലവിൽ അനുയോജ്യമായ തൊഴിലവസരങ്ങളുള്ള തൊഴിൽദാതാക്കളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. പങ്കെടുക്കുവാൻ താല്പര്യമുളളവർ ഓഫീസുമായി ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0484 2576756 എന്ന നമ്പറിൽ ബന്ധപ്പെടുക.

# ഭാരത് എൻക്യാപിന്റെ സുരക്ഷാ റേറ്റിങിൽ ചരിത്രം സൃഷ്ടിച്ച് മഹീന്ദ്ര ബിഇ 6, എക്സ്ഇവി 9ഇ വാഹനങ്ങൾ

**കൊച്ചി:** ഭാരത് ന്യൂ കാർ അസസ്മെന്റ് പ്രോഗ്രാമിൽ (ഭാരത് എൻക്യാപ്) മഹീന്ദ്രയുടെ മുൻനിര ഇലക്ട്രിക് ഒറിജിൻ ഇഎസ്യുവികളായ ബിഇ 6, എക്സ്ഇവി 9ഇ വാഹനങ്ങൾ 5 സ്റ്റാർ സുരക്ഷാ റേറ്റിങ് കരസ്ഥമാക്കി. സുരക്ഷയുടെ അടിസ്ഥാനത്തിൽ കാറുകൾക്ക് റേറ്റിങ് നൽകുന്ന കേന്ദ്ര സർക്കാരിന്റെ ഏറ്റവും പുതിയ സംവിധാനമാണ് ഭാരത് എൻക്യാപ്.

കുട്ടികളുടെയും മുതിർന്നവരുടെയും സുരക്ഷയിൽ ഏറ്റവും മികച്ച സ്കോറോടെയാണ് ഇരു വേരിയന്റുകളും 5 സ്റ്റാർ റേറ്റിങ് നേട്ടം സ്വന്തമാക്കിയത്. അഡൽറ്റ് ഒക്യുപെന്റ് പ്രൊട്ടക്ഷനിൽ (എഒപി) 32ൽ 32 സ്കോറും എക്സ്ഇവി 9ഇ കരസ്ഥമാക്കി. ബിഇ 6 32ൽ 31.97 സ്കോർ നേടി. ചൈൽഡ് ഒക്യുപെന്റ് പ്രൊട്ടക്ഷൻ ടെസ്റ്റിൽ ഇരു മോഡലുകളും 49ൽ 45ഉം സ്കോർ ചെയ്തു. പുതിയ ഇലക്ട്രിക് യുഗത്തിലേക്ക് സുരക്ഷിതമായ എസ്യുവികൾ നിർമിക്കുന്നതിനുള്ള കമ്പനിയുടെ പൈതൃകം വഹിക്കുന്ന മഹീന്ദ്രയുടെ ആദ്യത്തെ ഇലക്ട്രിക് ഒറിജിൻ ഇഎസ്യുവികളാണിത്.

ഇതോടെ ഭാരത് എൻക്യാപ് റേറ്റിങ് നേടിയ എസ്യുവികളിൽ ഇന്ത്യൻ റോഡുകളിലെ ഏറ്റവും സുരക്ഷിതമായ എസ്യുവികളായി മഹീന്ദ്ര ബിഇ 6, എക്സ്ഇവി 9ഇ വാഹനങ്ങൾ മാറി. മഹീന്ദ്രയുടെ ഥാർ റോക്സ്, എക്സ്യുവി 3എക്സ്ഒ, എക്സ്യുവി 400 എന്നീ മോഡലുകളും അടുത്തിടെ ഭാരത് എൻക്യാപ് സ്കെയിലിൽ മികച്ച റേറ്റിങ് നേടിയിരുന്നു. എക്സ്യുവി 700, സ്കോർപിയോ എൻ എന്നിവ ഗ്ലോബൽ എൻക്യാപ് സ്കെയിലിന് സമാനമായ 5 സ്റ്റാർ റേറ്റിങ് നേടിയിട്ടുണ്ട്.

ബിഇ 6, എക്സ്ഇവി 9ഇ എന്നിവ മഹീന്ദ്രയ്ക്ക് മാത്രമല്ല ഇന്ത്യയിലെ ഓട്ടോമോട്ടീവ് സുരക്ഷയിലും ഒരു പുതിയ യുഗത്തിന്റെ തുടക്കമാണെന്ന് മഹീന്ദ്ര ആൻഡ് മഹീന്ദ്രയുടെ ഓട്ടോമോട്ടീവ് ടെക്നോളജി ആൻഡ് പ്രൊഡക്ട് ഡെവലപമെന്റ് പ്രസിഡന്റും മഹീന്ദ്ര ഇലക്ട്രിക് ഓട്ടോമൊബൈലിന്റെ ജോയിന്റ് മാനേജിങ് ഡയറക്ടറുമായ ആർ. വേലുസാമി പറഞ്ഞു.

ഭാരത് എൻക്യാപ് പരിശോധകൾ വാഹന ഗതാഗതത്തിലെ സുരക്ഷയോടുള്ള തങ്ങളുടെ പ്രതിബദ്ധതയുടെ തുടർച്ചയാണ്. സുരക്ഷയുടെ കാര്യത്തിൽ മഹീന്ദ്ര ഓട്ടോമോട്ടീവ് എന്നും മുൻപന്തിയിൽ തുടരുന്നുവെന്നതിന്റെ തെളിവാണിതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

അഡാസ്, എമർജൻസി ബ്രേക്കിംഗ്, ഏഴ് എയർ ബാഗുകൾ തുടങ്ങി നിരവധി സുരക്ഷ സംവിധാനങ്ങളാണ് മഹീന്ദ്ര ബിഇ 6, എക്സ്ഇവി 9ഇ വാഹനങ്ങളിലുള്ളത്.



# കൊച്ചി മെട്രോ ഇലക്ട്രിക് ബസ്: ആദ്യ ദിനം യാത്ര ചെയ്തത് 1855 പേർ



**കൊച്ചി:** കൊച്ചി മെട്രോ ട്രയിനിലേതിന് സമാനമായ സൗകര്യങ്ങളുമായി ആരംഭിച്ച ഇലക്ട്രിക് ബസ് സർവ്വീസിന് ആദ്യ ദിവസം യാത്രക്കാരിൽ നിന്ന് വൻ വരവേൽപ്പ്. ആലുവ എയർപോർട്ട്, കളമശേരി മെഡിക്കൽ കോളജ്, കളമശേരി കുസാറ്റ് റൂട്ടുകളിലാണ് വ്യാഴാഴ്ച സർവ്വീസ് ആരംഭിച്ചത്. ഈ റൂട്ടുകളിലായി 1855 പേരാണ് ആദ്യ ദിനം യാത്ര ചെയ്തത്. എയർ പോർട്ട് റൂട്ടിൽ 1345 പേരും കളമശേരി റൂട്ടിൽ 510 പേരും ഇലക്ട്രിക് ബസ് ഉപയോഗിച്ചു. മൂന്നു കൂട്ടുകളിലുമായി ആദ്യ ദിവസത്തെ പ്രതിദിന കളക്ഷൻ 118180 രൂപയാണ്. എയർപോർട്ട് റൂട്ടിൽ നാലു ബസുകളും കളമശേരി റൂട്ടിൽ രണ്ട് ബസുകളുമാണ് വ്യാഴാഴ്ച സർവ്വീസ് നടത്തിയത്.ഹൈക്കോർട്ട് എംജി റോഡ് സർക്കുലർ, കടവന്ത്ര കെ.പി വള്ളോൻ റോഡ് സർക്കുലർ, കാക്കനാട് വാട്ടർമെട്രോഇൻഫോപാർക്ക്, കിൻഫ്രപാർക്ക്, കളക്ട്രേറ്റ് എന്നീ റൂട്ടുകളിൽ ഘട്ടം ഘട്ടമായി ഉടനെ സർവ്വീസുകൾ ആരംഭിക്കും.ആലുവ എയർപോർട്ട് റൂട്ടിൽ 80 രൂപയും മറ്റു റൂട്ടുകളിൽ അഞ്ച് കിലോമീറ്റർ യാത്രയ്ക്ക് മിനിമം 20 രൂപയുമാണ് പൂർണമായും എയർകണ്ടീഷൻ ചെയ്ത ഇലക്ട്രിക് ബസിലെ യാത്ര നിരക്ക്. കൊച്ചി മെട്രോ, വാട്ടർ മെട്രോ സ്റ്റേഷനുകളിലേക്കുള്ള ഫസ്റ്റ് മൈൽലാസ്റ്റ് മൈൽ കണക്ടിവിറ്റി വർധിപ്പിക്കാനുള്ള നീക്കത്തിന്റെ ഭാഗമായാണ് 15 ഇലക്ട്രിക് ബസുകൾ ഏകദേശം 15 കോടിയോളം രൂപ മുടക്കി വാങ്ങി കൊച്ചി മെട്രോ സർവ്വീസ് നടത്തുന്നത്.എയർപോർട്ട് റൂട്ടിൽ നാലു ബസുകളും കളമശേരി റൂട്ടിൽ രണ്ട് ബസുകളും ഇൻഫോപാർക്ക് റൂട്ടിൽ ഒരു ബസും കളക്ട്രേറ്റ് റൂട്ടിൽ രണ്ട് ബസുകളും ഹൈക്കോർട്ട് റൂട്ടിൽ മൂന്നു ബസുകളും കടവന്ത്ര റൂട്ടിൽ ഒരു ബസുമാണ് സർവ്വീസ് നടത്തുന്നത് എയർപോർട്ട് റൂട്ടിൽ തിരക്കുള്ള സമയങ്ങളിൽ 20 മിനിറ്റ് ഇടവിട്ടും തിരക്കില്ലാത്ത സമയങ്ങളിൽ 30 മിനിറ്റും ഇടവിട്ട് സർവ്വീസുകൾ ഉണ്ടാകും. രാവിലെ 6.45 മുതൽ സർവ്വീസ് ആരംഭിക്കും. രാത്രി 11 മണിക്കാണ് എയർപോർട്ടിൽ നിന്ന് ആലുവയിലേക്കുള്ള അവസാന സർവ്വീസ്. കളമശേരി മെഡിക്കൽ കോളെജ് റൂട്ടിൽ 30 മിനിറ്റ് ഇടവിട്ട് സർവ്വീസ് ഉണ്ടാകും. രാവിലെ 8.30 മുതൽ വൈകിട്ട് 7.30 വരെയാണ് സർവ്വീസ്.

# ട്രൈഡന്റ് ഗ്രൂപ്പ് കരംയോഗി റിക്രൂട്ട്മെന്റ് ആരംഭിച്ചു

**കൊച്ചി:** ഇന്ത്യയിലുടനീളം 3,000 വിദഗ്ധരെ നിയമിക്കുന്നതിനായി ആഗോള കൂട്ടായ്മയായ ട്രൈഡന്റ് ഗ്രൂപ്പ് കരംയോഗി റിക്രൂട്ട്മെന്റ് ഡ്രൈവ് ആരംഭിച്ചു. മധ്യപ്രദേശ് (ബുധിനി), പഞ്ചാബ് (ധൗല, സംഘേര) എന്നിവിടങ്ങളിലുള്ളവർക്കും വനിതകൾക്കും കായിക പശ്ചാത്തലമുള്ളവർക്കും റിക്രൂട്ട്മെന്റിൽ മുൻഗണന. കരംയോഗി റിക്രൂട്ട്മെന്റ് ഡ്രൈവിലൂടെ ആയിരക്കണക്കിന് ആളുകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയാണ്. തൊഴിലാളികളെ ശക്തിപ്പെടുത്തുന്നതിനൊപ്പം അവർക്ക് വളരാനുള്ള അവസരങ്ങൾ നൽകുകയുമാണെന്ന് ട്രൈഡന്റ് ഗ്രൂപ്പ് സിഎച്ച്ആർഒ പൂജ ലുത്ര പറഞ്ഞു.

ഓൺലൈൻ രജിസ്ട്രേഷൻ, അപേക്ഷ അയക്കൽ, ഓഫ്‌ലൈൻ അസസ്മെന്റ്, കഴിവ് വിലയിരുത്തൽ തുടങ്ങിയവയിലൂടെയാണ് റിക്രൂട്ട്മെന്റ് നടത്തുന്നത്. റിക്രൂട്ട്മെന്റിൽ തെരഞ്ഞെടുക്കപ്പെടുന്നവരെ ട്രൈഡന്റ് ഗ്രൂപ്പിന്റെ ഓപ്പറേഷൻസ്, എഞ്ചിനീയറിംഗ്, മെയിന്റനൻസ്, അഡ്മിനിസ്ട്രേഷൻ എന്നിവയടക്കമുള്ള വിവിധ വകുപ്പുകളിൽ ജോലിക്ക് നിയമിക്കും.

# റിലയൻസ് ജിയോയ്ക്ക് 6,477 കോടി രൂപയുടെ അറ്റാദായം

**കൊച്ചി:** ടെലികോം സേവനദാതാവായ റിലയൻസ് ജിയോ മൂന്നാം പാദത്തിൽ കാഴ്ച്ചവെച്ചത് മികച്ച പ്രകടനം. ഒക്റ്റോബർ-ഡിസംബർ പാദത്തിൽ 24 ശതമാനം വർധനവാണ് റിലയൻസ് ജിയോ അറ്റാദായത്തിൽ നേടിയത്. മൂന്നാം പാദത്തിൽ റിലയൻസ് ഇൻഡസ്ട്രീസിന്റെ ടെലികോം വിഭാഗമായ ജിയോയുടെ ഒറ്റയ്ക്കുള്ള അറ്റാദായം 6,477 കോടി രൂപയാണ്. മുൻവർഷം ഇതേ കാലയളവിൽ ഇത് 5,208 കോടി രൂപയായിരുന്നു. അതേസമയം 2024 ജൂലൈ-സെപ്റ്റംബർ പാദത്തിലാകട്ടെ 6,231 കോടി രൂപയുടെ അറ്റാദായമായിരുന്നു റിലയൻസ് ജിയോ നേടിയത്. പ്രവർത്തനങ്ങളിൽ നിന്നുള്ള റിലയൻസ് ജിയോയുടെ വരുമാനം 29,307 കോടി രൂപയായി ഉയർന്നു. 2023 ഒക്റ്റോബർ-ഡിസംബർ പാദത്തിൽ ഇത് 25,368 കോടി രൂപയായിരുന്നു.

# പത്ത് ഭാഷകളിൽ അനന്ത് ദേശീയ സർവകലാശാല എഡിഇപിടി പരീക്ഷ

**കൊച്ചി;** അനന്ത് ദേശീയ സർവകലാശാലയുടെ എൻട്രൻസ് പരീക്ഷയായ അനന്ത് ഡിസൈൻ എൻട്രൻസ് ആൻഡ് പ്രൊഫിഷ്യൻസി ടെസ്റ്റ് (എഡിഇപിടി) 10 ഭാഷകളിൽ നടക്കും. ഇംഗ്ലീഷ്, ഹിന്ദി, ഗുജറാത്തി, മറാത്തി, ബംഗാളി, കന്നഡ, തമിഴ്, തെലുങ്ക്, മലയാളം, പഞ്ചാബി എന്നീ ഭാഷകളിൽമ വിദ്യാർഥികൾക്ക് ഈ വർഷം പരീക്ഷയെഴുതാം. കഴിഞ്ഞ വർഷം അഞ്ച് ഭാഷകളിലാണ് പരീക്ഷകൾ നടന്നത്. ജനുവരി 26ന് ഓൺലൈനായിട്ടാണ് എൻട്രൻസ് പരീക്ഷകൾ നടക്കുക. രാജ്യത്തിന്റെ വൈവിധ്യമാർന്ന സാംസ്കാരിക പശ്ചാത്തലങ്ങളിൽ നിന്നുവരുന്ന വിദ്യാർഥികൾക്ക് ഇന്ത്യയിലെ ആദ്യത്തെ ബഹുഭാഷാ ഡിസൈൻ പ്രവേശന പരീക്ഷയായ എഡിഇപിടി ഇഷ്ടമുള്ള ഭാഷയിൽ എഴുതാനുള്ള അവസരത്തിലൂടെ തുല്യത ഉറപ്പാക്കാനാണ് തങ്ങൾ ശ്രമിക്കുന്നതെന്ന് അനന്ത് സർവകലാശാല അധികൃതർ അറിയിച്ചു. ഭാഷാപരമായ അതിർവരമ്പുകൾക്കപ്പുറം വിദ്യാർഥികളുടെ പൂർണമായ മികവ് പുറത്തുകൊണ്ടുവരുന്ന അക്കാദമിക് അന്തരീക്ഷം സൃഷ്ടിക്കാനും ലക്ഷ്യമിടുന്നതായി അനന്ത് ദേശീയ സർവകലാശാല പ്രൊവോസ്റ്റ് ഡോ. അനന്യ ചൗധരി പറഞ്ഞു.

# ഫിൻടെക് സ്റ്റാർട്ടപ്പുകൾക്കായി യെസ് ബാങ്ക്

YES BANK

**കൊച്ചി:** ഫിൻടെക് സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി യെസ് ബാങ്ക് റിസർവ് ബാങ്കിൻറെ ഇന്നവേഷൻ ഹബ്ബുമായി ചേർന്ന് ഫ്രിക്ഷൻ ലെസ്സ് ഫിനാൻസ് ആക്സിലറേറ്റർ പരിപാടി അവതരിപ്പിച്ചു. റിസർവ് ബാങ്ക് ഹബ്ബ്, എസ് പി ജിപ്മറിൻറെ സ്രോതസ്സുകൾ, യെസ് ബാങ്കിൻറെ വ്യവസായ രംഗത്തെ അറിവുകൾ എന്നിവയുടെ പിൻബലം ഇതിലൂടെ സ്റ്റാർട്ടപ്പുകൾക്ക് ലഭിക്കും.

വളർന്നുവരുന്ന സാങ്കേതിക വിദ്യകളിൽ ശ്രദ്ധ കൊടുത്ത് ഡിജിറ്റൽ വായ്പകൾ, നിർമ്മിത ബുദ്ധിയുടെ പിന്തുണയുടെയുള്ള റിസ്ക് കൈകാര്യം ചെയ്യൽ , ബ്ലോക്ക് ചെയിൻ അധിഷ്ഠിത പെയ്മെൻറുകൾ എല്ലാവരെയും ഔപചാരിക സാമ്പത്തിക സേവനങ്ങളിൽ ഉൾപ്പെടുത്തൽ എന്നിവ ഊർജ്ജിതമാക്കാൻ ഇത് വഴിയൊരുക്കും. ഈ പദ്ധതി വഴി യെസ് കണക്ട് പോലുള്ള സംവിധാനങ്ങളിലൂടെ സ്റ്റാർട്ടപ്പുകൾക്ക് സഹായം നൽകും.

സ്റ്റാർട്ടപ്പുകൾക്ക് യഥാർത്ഥ ലോകത്ത് നേരിടേണ്ടിവരുന്ന വെല്ലുവിളികൾ മറികടക്കാനും കൂടുതൽ ഉയരങ്ങളിലേക്ക് കുതിക്കാനും ഫ്രിക്ഷൻ ലെസ്സ് ഫിനാൻസ് ആക്സിലറേറ്റർ പോലുള്ള നീക്കങ്ങൾ സഹായകമാകും എന്ന് യെസ് ബാങ്ക് മാനേജിംഗ് ഡയറക്ടറും സിഇഒയുമായ പ്രശാന്ത് കുമാർ പറഞ്ഞു.



സൊസൈറ്റി ടുഡേ
SOCIETY TODAY



### കെഎംഎ വാർഷിക മാനേജ്മെന്റ് കൺവൻഷന് തുടക്കം

# നവീകരണമാകും ഭാവിയെ രൂപപ്പെടുത്തുകയെന്ന് രാജീവ് ചന്ദ്രശേഖർ

**കൊച്ചി:** കേരള മാനേജ്മെന്റ് അസോസിയേഷൻ (കെഎംഎ) 42ാമത് മാനേജ്മെന്റ് കൺവൻഷന് കൊച്ചി ബോൾഗാട്ടി ഗ്രാൻഡ് ഹയാത്ത് കൺവൻഷൻ സെന്ററിൽ തുടക്കമായി. മുൻ കേന്ദ്രമന്ത്രി രാജീവ് ചന്ദ്രശേഖർ ദ്വിദിന കൺവൻഷൻ ഉദ്ഘാടനം ചെയ്തു.

നവീകരണമാകും ഭാവിയെ രൂപപ്പെടുത്തുകയെന്ന് അദ്ദേഹം ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. വ്യക്തികളുടേതായാലും സ്ഥാപനങ്ങളുടേതായാലും സർക്കാരുകളുടേതായാലും വിജയവും പരാജയവും നിർണയിക്കാൻ പോകുന്നത് നവീകരണത്തെ എത്രത്തോളം ഉൾക്കൊള്ളുന്നു എന്നത് അടിസ്ഥാനമാക്കിയായിരിക്കും. നവീകരണം കേവലം സ്റ്റാർട്ടപ്പുകളിലോ സാങ്കേതിക വിദ്യകളിലോ മാത്രം ഒതുങ്ങുന്നതല്ല. നയരൂപീകരണത്തിലടക്കം നവീകരണം അനിവാര്യമാണ്. ഉദ്പാദന രംഗത്ത് കൂടുതൽ രാജ്യങ്ങൾ മത്സരിക്കുന്നുണ്ട്. ആഗോള വത്കരണം ഉദയകക്ഷി ബന്ധങ്ങൾക്ക് വഴിമാറി. വൈദഗ്ധ്യമായിരിക്കും പുതു തലമുറയുടെ ഭാവിയെ നിശ്ചയിക്കുക. കൂടുതൽ നിക്ഷേപം സമാഹരിക്കാൻ കൂടുതൽ പ്രതിഭയും അവസരങ്ങളും ആവശ്യമാണ്. വരും നൂറ്റാണ്ടിൽ കൂടുതൽ പ്രതിഭകളുള്ള രാജ്യം കൂടുതൽ നേട്ടമുണ്ടാക്കുമെന്ന് രാജീവ് ചന്ദ്രശേഖർ ചൂണ്ടിക്കാട്ടി.ബിസ്‌ലേരി ഇന്റർനാഷണൽ സിഇഒ ആഞ്ചലോ ജോർജ് മുഖ്യപ്രഭാഷണം നടത്തി.ദുബായ് പോർട്ട് അഥോറിറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ ക്യാപ്റ്റൻ ഇബ്രാഹിം അൽ ബ്ലൂഷി വിശിഷ്ടാതിഥിയായി പങ്കെടുത്തു. അബീർ മെഡിക്കൽ ഗ്രൂപ്പ് എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ഡോ.അഹ്മദ് ആലുങ്കൽ, എം പി ആർ എസ് ഷിപ്പിംഗ് ആൻഡ് ലോജിസ്റ്റിക്സ് ഇന്റർനാഷണൽ ബിസിനസ് സിഇഒ യഷ് റാഡിയ എന്നിവരെ ചടങ്ങിൽ ആദരിച്ചു. കെ എം എ പ്രസിഡൻറ് ബിബു പുന്നൂരാൻ അധ്യക്ഷത വഹിച്ചു. കൺവൻഷൻ ചെയർ കെ ഹരികുമാർ ഓണററി സെക്രട്ടറി ഡോ. അനിൽ ജോസഫ് തുടങ്ങിയവർ സംസാരിച്ചു

# സിയാലിൽ അതിവേഗ ഇമിഗ്രേഷൻ തുടങ്ങി



**കൊച്ചി:** സിയാലിൽ അതിവേഗ ഇമിഗ്രേഷൻ പദ്ധതിയ്ക്ക് തുടക്കമായി. ഉദ്യോഗസ്ഥ സഹായമില്ലാതെ ഇമിഗ്രേഷൻ നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ കഴിയുന്ന കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൻെറ പദ്ധതി ഫാസ്റ്റ് ട്രാക്ക് ഇമിഗ്രേഷൻ ട്രസ്റ്റഡ് ട്രാവലർ പ്രോഗ്രാമിനാണ് തുടക്കമായത്.ആഭ്യന്തര യാത്രക്കാർക്ക് ബോർഡിങ് പാസ് രഹിത പ്രവേശനമൊരുക്കുന്ന ഡിജിയാത്ര സംവിധാനം നേരത്തെ തന്നെ സിയാലിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. എഫ്.ടി.ഐ ടി.ടി.പി സംവിധാനത്തിലൂടെ രാജ്യാന്തര യാത്രക്കാർക്ക് 20 സെക്കൻഡുകൾ കൊണ്ട് ഇമിഗ്രേഷൻ നടപടികൾ പൂർത്തിയാക്കാനാവും.അറൈവൽ, ഡിപ്പാർച്ചർ മേഖലകളിലായി നാല് വീതം ബയോമെട്രിക് ഇ ഗേറ്റുകൾ ഫാസ്റ്റ് ട്രാക്ക് ഇമിഗ്രേഷനായി സജ്ജീകരിച്ചിട്ടുണ്ട്. ഇന്ത്യക്കാർക്കും ഓവർസീസ് സിറ്റിസൺ ഓഫ് ഇന്ത്യ (ഒ.സി.ഐ.) കാർഡുടമകൾക്കും ആഭ്യന്തര മന്ത്രാലയത്തിന്റെ പ്രത്യേക പോർട്ടൽ വഴി അപേക്ഷ സമർപ്പിക്കാം. പാസ്പോർട്ട് ഉൾപ്പെടെയുള്ള രേഖകൾ വിജയകരമായി അപ്‌ലോഡ് ചെയ്താൽ അടുത്ത ഘട്ടമായ ബയോമെട്രിക് എൻറോൾമെന്റിലേയ്ക്ക് കടക്കാം. മുഖവും വിരലടയാളവും രേഖപ്പെടുത്താനുള്ള എൻറോൾമെന്റ് കൗണ്ടറുകൾ കൊച്ചി വിമാനത്താവളത്തിൽ പ്രവർത്തിക്കുന്ന എഫ്.ആർ.ആർ.ഒ ഓഫീസിലും ഇമിഗ്രേഷൻ കൗണ്ടറുകളിലും ഒരുക്കിയിട്ടുണ്ട്.

ഒറ്റത്തവണ രജിസ്ട്രേഷൻ പൂർത്തിയാക്കുന്നവർക്ക് പിന്നീടുള്ള എല്ലാ രാജ്യാന്തര യാത്രകൾക്കും സ്മാർട് ഗേറ്റുകൾ ഉപയോഗപ്പെടുത്താം. ഇതോടെ നടപടികൾ പൂർത്തിയാക്കാൻ വരി നിന്നുള്ള കാത്തുനിൽപ്പും ഒഴിവാകും.

സ്മാർട് ഗേറ്റിൽ ആദ്യം പാസ്പോർട്ട് സ്കാൻ ചെയ്യണം. രജിസ്റ്ററേഷൻ നടത്തിയിട്ടുണ്ടെങ്കിൽ ഗേറ്റുകൾ താനെ തുറക്കും. തുടർന്ന് രണ്ടാം ഗേറ്റിലെ ക്യാമറയിൽ മുഖം കാണിക്കാം. സിസ്റ്റം നിങ്ങളുടെ മുഖം തിരിച്ചറിയുന്നതോടെ ഗേറ്റ് തുറക്കുകയും ഇമിഗ്രേഷൻ നടപടി പൂർത്തിയാവുകയും ചെയ്യും.

# ഇന്ത്യ ഇന്റർനാഷണൽ ട്രാവൽ മാർട്ടിന് കൊച്ചിയിൽ തുടക്കം




**കൊച്ചി:** രാജ്യത്തെ വിവിധ സംസ്ഥാന ടൂറിസം വകുപ്പുകളും, വിദേശ രാജ്യങ്ങളും അണിനിരക്കുന്ന പ്രമുഖ വിനോദ സഞ്ചാര മേളയായ ഇന്ത്യ ഇന്റർനാഷൽ ട്രാവൽമാർട്ട് (ഐ.ഐ.ടി.എം) എറണാകുളം കടവന്ത്ര രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ ആരംഭിച്ചു. ഐഐടിഎം ഡയറക്ടർ രോഹിത് ഹംഗൽ,സഹ ഡയറക്ടർ സഞ്ജയ് ഹഖു, സിഹ്രയിലെ എക്സിക്യൂട്ടീവ് കമ്മിറ്റി മെമ്പർ ജോസ് പ്രദീപ്, ഐസിപിബിയിലെ ഗവേണിംഗ് ബോർഡ് അംഗം യു സി റിയാസ്, ടിഎഎഐ ചെയർപേഴ്സൺ മറിയാമ്മ ജോസ്, എസ്കെഎഎൽ കൊച്ചി പ്രസിഡന്റ് നിർമ്മല ലില്ലി, കേരള ട്രാവൽ മാർട്ട് സൊസൈറ്റി സിഇഒ കെ. രാജ്കുമാർ എന്നിവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു.ജനുവരി 19 വരെ നീളുന്ന മൂന്ന് ദിവസത്തെ ടൂറിസം മേളയിൽ രാജ്യത്തിനകത്തും പുറത്തുനിന്നുമായി നൂറിലധികം പ്രതിനിധി സംഘങ്ങളുടെ പവിലിയനുകളാണ് ഒരുക്കിയിട്ടുള്ളതെന്ന് സംഘാടകർ പതിനഞ്ച് സംസ്ഥാനങ്ങളിൽ നിന്നായി ടൂറിസം ബോർഡുകൾ, അഞ്ച് വിദേശ രാജ്യങ്ങൾ, വിവിധ ട്രാവൽ ട്രേഡ് സംഘടനകൾ എന്നിവയും, തീർത്ഥാടനം, സാഹസിക യാത്ര, സംസ്കാര പൈതൃക സ്ഥലങ്ങൾ, ബീച്ചുകൾ, വന്യജീവി കേന്ദ്രങ്ങൾ, ഹിൽ സ്റ്റേഷനുകൾ തുടങ്ങിയവ സംബന്ധിച്ച നിരവധി സ്റ്റാളുകളും പ്രദർശനത്തിനുണ്ട്. കേരളം, തെലങ്കാന, കർണാടക, തമിഴ്നാട്, ഹിമാചൽ പ്രദേശ്, ഒറീസ, ജമ്മു ആൻഡ് കാശ്മീർ, രാജസ്ഥാൻ, ഉത്തർപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളും തുർക്കി, മലേഷ്യ, വിയറ്റ്നാം, ബാലി, തായ്‌ലൻഡ്, നേപ്പാൾ,ഠഭൂട്ടാൻ എന്നിവിടങ്ങളിൽ നിന്നുള്ള ടൂറിസം വകുപ്പുകളും പ്രദർശനത്തിനുണ്ട്.ബിസിനസുകാർക്ക് വേണ്ടിയും, യാത്രികർക്ക് വേണ്ടിയുമായി പ്രത്യേകം ഉൽപ്പന്ന സേവന സൗകര്യങ്ങൾ (ബിടുബി ആന്റ് ബിടുസി) ഒരുക്കിയിട്ടുണ്ട്. പതിനായിരത്തോളം വരുന്ന സഞ്ചാരപ്രിയർ മേള പ്രയോജനപ്പെടുത്തുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് ഐഐടിഎം ഡയറക്ടർ രോഹിത് ഹംഗൽ പറഞ്ഞു.സുസ്ഥിര ടൂറിസം, പരിസ്ഥിതി സൗഹൃദ രീതികൾ പ്രോത്സാഹിപ്പിക്കൽ, കമ്മ്യൂണിറ്റി അധിഷ്ഠിത ടൂറിസം പദ്ധതികൾ, വെൽനസ് യാത്ര എന്നിവയ്ക്ക് ഊന്നൽ നൽകുന്നതാണ് ഈ വർഷത്തെ മേള. ആയിരത്തിലധികം അവധിക്കാല പാക്കേജുകളും മേള വാഗ്ദാനം ചെയ്യുന്നുണ്ടെന്ന് രോഹിത് ഹംഗൽ പറഞ്ഞു. രാവിലെ 11 മുതൽ വൈകുന്നേരം ആറു വരെയാണ് സന്ദർശന സമയം. സൗജന്യമായിട്ടാണ് പ്രവേശനം.

